# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി11)1077/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി11)1077/22 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 13-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. പോളി.ടി.ഒ., ഓഡിറ്റ് ഓഫീസർ ,
ശ്രീ.ഗോപകുമാർ.പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ,
ശ്രീ. സന്തോഷ്കുമാർ.എം., സീനയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.ഷഹീർ.എസ്.,സീനയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.കിരൺ,കെ.എസ്.,ഓഡിറ്റർ,

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ ) |
|---|---|---|---|
| ശ്രീമതി .മിനി എൽദോ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | സെക്രട്ടറി | 01-12-2020 | 20-12-2020 |
| ശ്രീ.പി.വി.കുഞ്ഞ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ ) |
|---|---|---|---|
| ശ്രീ. കെ.ടി.സന്തോഷ് | സെക്രട്ടറി | 01-04-2020 | 19-02-2021 |
| ശ്രീമതി. ജെസ്സി. പി.വി. | സെക്രട്ടറി | 20-02-2021 | 31-03-2021 |
| ശ്രീ. എസ്.പി.സുരേഷ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. സീജ.കെ.കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 14-08-2020 |
| ശ്രീമതി. നബീല.എം.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 15-08-2020 | 31-03-2021 |
| ശ്രീമതി.സിമി. എസ്. | കൃഷി ഓഫീസർ | 01-04-2020 | 09-02-2021 |
| ശ്രീമതി. ആദിത്യ മോഹൻ | കൃഷി ഓഫീസർ | 10-02-2021 | 26-02-2021 |
| ശ്രീമതി. ഷീബ.എം.എ | കൃഷി ഓഫീസർ | 27-02-2021 | 31-03-2021 |
| ശ്രീമതി.സുധ എം.എ | വി.ഇ.ഒ. കരിയാട് സർക്കിൾ | 01-04-2020 | 05-12-2020 |
| ശ്രീമതി. ലതിക | വി.ഇ.ഒ. കരിയാട് സർക്കിൾ | 06-12-2020 | 04-02-2021 |
| ശ്രീമതി.സുധ എം.എ | വി.ഇ.ഒ. കരിയാട് സർക്കിൾ | 05-02-2021 | 31-03-2021 |
| ശ്രീമതി. മായമോൾ എസ്. | വി.ഇ.ഒ. മേക്കാട് സർക്കിൾ | 01-04-2020 | 04-12-2020 |
| ശ്രീമതി. ലതിക | വി.ഇ.ഒ. മേക്കാട് സർക്കിൾ | 05-12-2020 | 04-02-2021 |
| ശ്രീമതി.സുധ എം.എ | വി.ഇ.ഒ. മേക്കാട് സർക്കിൾ | 05-02-2021 | 31-03-2021 |
| ഡോ.നവാസ് | വെറ്ററിനറി സർജൻ | 01-04-2020 | 14-09-2020 |
| ഡോ.നൈന.റ്റി.എ. | വെറ്ററിനറി സർജൻ | 15-09-2020 | 12-02-2021 |
| ഡോ.റെസീന | വെറ്ററിനറി സർജൻ | 13-02-2021 | 31-03-2021 |
| ഡോ.മിനി.സി.കർത്ത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.വിദ്യ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 14-02-2021 |
| ഡോ.ജോബി വർഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 15-02-2021 | 31-03-2021 |
| ശ്രീമതി. സിൽവി കെ.ഡി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 15-12-2020 |
| ശ്രീമതി. റീന.പി.ടി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16-12-2020 | 19-02-2021 |
| ശ്രീമതി. സീന.പി.സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 20-02-2021 | 31-03-2021 |
| ശ്രീ. സജീവ് കുമാർ പി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സാലി.ഡി | ഹെഡ് മിസ്ട്രസ് എൽ .പി. എസ്,മേക്കാട് | 01-04-2020 | 31-03-2021 |
| ഡോ ബെറ്റി ആന്റണി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 18-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: P.K.Minu (Audit Officer, On 15-06-2022) | 1-2 |
| 3 | ILGMS - വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 16-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 16-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 16-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-5 |
| 7 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി MG NREGS<br>Written By: M.S.Gopakumar (Asst. Audit Officer, On 16-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി-പ്രവർത്തനങ്ങളുടെ സംക്ഷിപ്തം<br>Written By: Santhosh Kumar M (Auditor, On 18-06-2022)<br>Last Updated By: Santhosh Kumar M (Auditor, On 18-06-2022) | 1-6-1 |
| 9 | ഭൂവികസന പദ്ധതികളിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-6-2 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 16-06-2022)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 16-06-2022) | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Kiran K.S (Auditor, On 16-06-2022)<br>Last Updated By: Kiran K.S (Auditor, On 16-06-2022) | 1-8 |
| 12 | അഭ്യന്തര നിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 16-06-2022)<br>Last Updated By: P.K.Minu (Audit Officer, On 16-06-2022) | 1-9 |
| 13 | ഗ്രാമസഭ<br>Written By: P.K.Minu (Audit Officer, On 16-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-10 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: P.K.Minu (Audit Officer, On 16-06-2022)<br>Last Updated By: P.K.Minu (Audit Officer, On 16-06-2022) | 1-11 |
| 15 | ദുരിതാശ്വാസ നിധി<br>Written By: P.K.Minu (Audit Officer, On 16-06-2022)<br>Last Updated By: P.K.Minu (Audit Officer, On 16-06-2022) | 1-12 |
| 16 | രസീത് പരിശോധന - അപാകതകൾ<br>Written By: Kiran K.S (Auditor, On 17-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-13 |
| 17 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Kiran K.S (Auditor, On 18-06-2022)<br>Last Updated By: Kiran K.S (Auditor, On 18-06-2022) | 1-14 |
| 18 | ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി<br>Written By: Kiran K.S (Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-14-1 |
| 19 | ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Kiran K.S (Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-14-2 |
| 20 | സഞ്ചയയിൽ തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി - വരുമാന നഷ്ടം<br>Written By: Kiran K.S (Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-15 |
| 21 | വസ്തു നികുതി - ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല<br>Written By: Kiran K.S (Auditor, On 17-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-16 |
| 22 | വസ്തു നികുതിയിനത്തിൽ കുടിശ്ശിക വർദ്ധിക്കുന്നു.<br>Written By: Kiran K.S (Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-17 |

| | | |
|---|---|---|
| 23 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: P.K.Minu (Audit Officer, On 18-06-2022) | 1-18 |
| 24 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-18-1 |
| 25 | ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: P.K.Minu (Audit Officer, On 18-06-2022) | 1-18-2 |
| 26 | റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: P.K.Minu (Audit Officer, On 18-06-2022) | 1-18-3 |
| 27 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-18-4 |
| 28 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-18-5 |
| 29 | പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: Sheheer (Senior Grade Auditor, On 18-06-2022) | 1-19 |
| 30 | വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: Sheheer (Senior Grade Auditor, On 18-06-2022) | 1-19-1 |
| 31 | ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: Sheheer (Senior Grade Auditor, On 18-06-2022) | 1-19-2 |
| 32 | വാടക കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: Sheheer (Senior Grade Auditor, On 18-06-2022) | 1-19-3 |
| 33 | എല്ലാ വാടകക്കാരുമായും കരാർ ചമച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-19-4 |
| 34 | ചട്ട പ്രകാരമുള്ള സംവരണം ഉറപ്പ് വരുത്തേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-19-5 |
| 35 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല<br>Written By: P.K.Minu (Audit Officer, On 16-06-2022)<br>Last Updated By: P.K.Minu (Audit Officer, On 17-06-2022) | 1-20 |
| 36 | ചെലവ് വിവരങ്ങൾ ലഭ്യമല്ല<br>Written By: P.K.Minu (Audit Officer, On 16-06-2022)<br>Last Updated By: P.K.Minu (Audit Officer, On 17-06-2022) | 1-21 |
| 37 | വെള്ളക്കരമിനത്തിലെ ചെലവ്<br>Written By: P.K.Minu (Audit Officer, On 16-06-2022)<br>Last Updated By: P.K.Minu (Audit Officer, On 17-06-2022) | 1-22 |
| 38 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക 4,64,198/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 17-06-2022)<br>Last Updated By: P.K.Minu (Audit Officer, On 17-06-2022) | 1-23 |
| 39 | ഐ.കെ.എം-ൽ അടച്ച തുകയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 100000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: M.S.Gopakumar (Asst. Audit Officer, On 17-06-2022)<br>Last Updated By: P.K.Minu (Audit Officer, On 18-06-2022) | 1-24 |
| 40 | സാമൂഹ്യ സുരക്ഷാ പെൻഷൻ - പെൻഷണറുടെ മരണശേഷവും പെൻഷൻ വിതരണം ചെയ്യുന്നു<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-25 |
| 41 | തനത് ഫണ്ട് വരുമാനം - കാര്യക്ഷമമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.<br>Written By: M.S.Gopakumar (Asst. Audit Officer, On 18-06-2022)<br>Last Updated By: P.K.Minu (Audit Officer, On 18-06-2022) | 1-26 |
| 42 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അപാകതകൾ<br>Written By: T.O.Polly (Audit Officer, On 17-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-27 |
| 43 | ലിഫ്റ്റ് ഇറിഗേഷൻ പൈപ്പിടുന്നതിനുള്ള കാന നിർമാണത്തിനും അത് ഫില്ലിംഗ് ചെയ്യുന്നതിനും അധിക തുക നല്കുന്നു<br>Written By: T.O.Polly (Audit Officer, On 17-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-28 |

| | | |
|---|---|---|
| 44 | അധികം കമ്പി ഉപയോഗിച്ചത്- വിശദീകരണം നൽകണം.<br>Written By: T.O.Polly (Audit Officer, On 17-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-29 |
| 45 | വി ഇ ഒ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-30 |
| 46 | ചെലവ് രേഖകൾ ഹാജറാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 18-06-2022)<br>Last Updated By: P.K.Minu (Audit Officer, On 18-06-2022) | 1-31 |
| 47 | തൊഴിലുറപ്പ് പദ്ധതി - കരാറുകാരനിൽ നിന്ന് ജി.എസ്.ടി.- ടി.ഡി.എസ്. കുറവു ചെയ്തില്ല.<br>Written By: Santhosh Kumar M (Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-32 |
| 48 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായില്ല.<br>Written By: P.K.Minu (Audit Officer, On 16-06-2022)<br>Last Updated By: P.K.Minu (Audit Officer, On 18-06-2022) | 1-33 |
| 49 | തരിശ് നെൽകൃഷിവികസനം-പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-34 |
| 50 | കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: P.K.Minu (Audit Officer, On 18-06-2022) | 1-35 |
| 51 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ലാപ്ടോപ്പുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-36 |
| 52 | എസ് സി വിഭാഗത്തിന് പുതിയ തുറന്ന കുടിവെള്ള കിണർ - സബ്സിഡി മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-37 |
| 53 | വാട്ടർ കണക്ഷൻ (എസ് സി - സ്പിൽ ഓവർ) - ബിൽ കോപ്പി, അർഹതാ രേഖകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: P.K.Minu (Audit Officer, On 18-06-2022) | 1-38 |
| 54 | തൊഴിലുറപ്പ് തൊഴിലാളികൾക്ക് കാല്വറ, ഫസ്റ്റ് എയ്ഡ് കിറ്റ്, ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകൽ (സ്പിൽ ഓവർ) - വിതരണ വിവരം ലഭ്യമല്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-39 |
| 55 | ഹിന്ദി പഠന ക്ലാസ് - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 1-40 |
| 56 | 10, 12 ക്ലാസുകളിലേക്കുള്ള തുല്യതാ പരിശീലനം - ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്<br>Written By: Sheheer (Senior Grade Auditor, On 18-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 1-41 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: P.K.Minu (Audit Officer, On 15-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: P.K.Minu (Audit Officer, On 15-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: P.K.Minu (Audit Officer, On 15-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: P.K.Minu (Audit Officer, On 15-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 15-06-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 15-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: P.K.Minu (Audit Officer, On 15-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 08-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.K.Minu (Audit Officer, On 15-06-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 08-08-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24.03.2020 തീരുമാനം (1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയുണ്ടായി.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ കണക്ക് |
|---|---|---|
| വരവ് | 377216205.00 | 133776592.50 |
| ചെലവ് | 338243720.00 | 136846989.00 |

കൃത്യമായ ഡിമാന്റ് കണക്കാക്കാവുന്ന ഇനങ്ങൾക്ക പോലും വളരെ ഉയർന്ന വരവ് പ്രതീക്ഷിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ കാര്യമായ അന്തരമുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 11.08.2021 ന് ഓഡിറ്റിന് സമർപ്പിച്ചു. വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി (സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം) സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2-1 ILGMS - വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 20/09/2020 മുതലാണ്. 01/04/2020 മുതൽ 19/09/2020 വരെയുള്ള കണക്കുകൾ സാംഖ്യയിൽ തയ്യാറാക്കിയത് Past Data Entry ( PDE ) വഴി 20/09/2020 ൽ ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01.04.2020 മുതൽ 31.03.2021 വരെയുള്ള വാർഷിക ധനകാര്യപ്പത്രിക തയ്യാറാക്കിയിട്ടുണ്ട്. ഈ വാർഷിക ധനകാര്യപ്പത്രികയിൽ 31.03.2020 ലെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകകൾ 01.04.2020 ലെ ILGMS ഓപ്പണിംഗ് ബാലൻസിലേക്ക് കൊണ്ടുവന്നപ്പോൾ ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂട്ടിച്ചേർക്കപ്പെടുകയും, ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും, വിഭജിക്കപ്പെടുകയും ചെയ്ത അക്കൗണ്ട് ഹെഡുകളിലെ ആകെ തുകയും, സാംഖ്യവഴി മുൻബാലൻസ് ഷീറ്റിൽ ഉണ്ടായിരുന്ന ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

അതേസമയം ഇപ്രകാരം തയ്യാറാക്കിയ വാർഷിക ധനകാര്യപ്പത്രിക 05/08/2021 ൽ ഓഡിറ്റിനായി സമർപ്പിക്കപ്പെട്ടതും, ഓഡിറ്റ് വേളയിൽ ഓൺലൈനായി വാർഷിക ധനകാര്യപത്രിക പരിശോധിച്ച വേളയിൽ താഴെപ്പറയുന്ന വ്യത്യാസങ്ങൾ കാണുന്നു.

1. ഇൻകം & എക്സ് പെൻഡിച്ചർ സ്റ്റേറ്റ് മെന്റിൽ Prior Period Items സാംഖ്യ പ്രകാരം ഒരു ഷെഡ്യൂൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ILGMS-ൽ വരവിന് 1-ൽ തുടങ്ങുന്ന Prior Period Items(Net)- 1-19, ചെലവിന് 2-ൽ തുടങ്ങുന്ന Prior Period Items(Net)- 1-18 എന്നീ രണ്ട് ഷെഡ്യൂളുകൾ കൂടിയുണ്ട്. അതിൽ ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിൽ 2-ൽ തുടങ്ങുന്ന Prior Period Items(Net)- 1-18 ഷെഡ്യൂൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതേസമയം ഓഡിറ്റ് വേളയിൽ ഓൺലൈനായി പരിശോധിച്ച വാർഷിക ധനകാര്യപ്പത്രികയിൽ വരവിന് 1-ൽ തുടങ്ങുന്ന Prior Period Items(Net)- 1-19 ഉൾപ്പെട്ടിട്ടുണ്ട്. ഇതുമൂലം ഇൻകം & എക്സ് പെൻഡിച്ചർ സ്റ്റേറ്റ് മെന്റിൽ നിന്നുള്ള അറ്റ ചെലവിൽ (Net Expenditure) വ്യത്യാസം വന്നിട്ടുണ്ട്.

ഇതിന്റെ ഫലമായി Gross Surplus/ Deficit Of Income Over Expenditure After Prior Period Item എന്നതിലും, Transfer To Reserve Fund ( Net Balance Being Surplus/ Deficit Carried Over To Balalnce Sheet എന്നതിലും വ്യത്യാസം വന്നിട്ടുണ്ട്.

2. സാംഖ്യയിൽ ഓരോ ബാങ്ക് / ട്രഷറി അക്കൗണ്ടിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട്സ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ ILGMS-മുഖേന തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപത്രികയിലെ ട്രയൽ ബാലൻസിൽ താഴെപ്പറയുന്ന പ്രകാരം ബാങ്ക്/ ട്രഷറി എന്നിവയ്ക്കായി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് മാത്രമേ ഉള്ളൂ.

| | |
|---|---|
| 450 210 101 | Nationalised Bank Account For Own Fund Revenue Fund |
| 450 210 101 | Co-Operative Bank Account For Own Fund Revenue Fund |
| 450 210 101 | Post Office Bank Account For Own Fund Revenue Fund |
| 450 210 101 | Treasury Accounts For Traditional Functions Fund |
| 450 210 101 | Treasury Accounts Of Development Funds |

ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടുകൾക്കെല്ലാം കൂടി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ട്രാൻസ് സാക്ഷൻ ഡീറ്റയിൽസ് ട്രയൽ ബാലൻസിലൂടെ പരിശോധിക്കാനാവുന്നില്ല. അതേസമയം ട്രഷറി അക്കൗണ്ടുകൾക്ക് തരം തിരിച്ച് ഹെഡ് ഓഫ് അക്കൗണ്ട്സ് നല്കിയിട്ടുമുണ്ട്.

3.സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ ( Birth & Death And Marriage Registration ), സാംഖ്യ ( ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ ( വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

4. വാർഷിക ധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേമെന്റ് , കാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് എന്നിവയോടൊപ്പം ലഭ്യമായിരുന്ന ബാലൻസ് ഷീറ്റിന്റെ ഭാഗമായ B1 ഷെഡ്യൂൾ ILGMS അക്കൗണ്ട്സിന്റെ ഭാഗമായി ലഭ്യമാകുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാനോ, കൃത്യത ഉറപ്പുവരുത്താനോ സാധിക്കുന്നില്ല.

5. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ കഴിയുകയില്ല. ഉദാഹരണത്തിന് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് വരെയുള്ള വൗച്ചറുകളുടെ തുടർച്ചയായ പരിശോധന സാധ്യമാകുന്ന തരത്തിൽ ഒരു ബിൽ രജിസ്റ്ററോ, പേയ് മെന്റ് വൗച്ചർ ലിസ്റ്റോ ഇപ്പോൾ ILGMSൽ ലഭ്യമല്ല.

6. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ഇപ്പോൾ ILGMSൽ ഉൾപ്പെടുത്തിയിട്ടില്ല.

7. തൊഴിൽ നികുതി, വാടക , ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാന്വൽ രജിസ്റ്റർ പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് കളക്ഷൻ- ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്റിലുള്ള വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

8. അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാവൂ.

9. 2020-21 വർഷം KWA യിൽ ഡെപ്പോസിറ്റ് ചെയ്ത 6000/-രൂപയും,കെഎസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത 609816/-രൂപയിൽ 195042/-രൂപ കിഴിച്ച് 414774/-രൂപയും റസീപ്റ്റ് & പേയ്മെന്റിലെ RP-49 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 70522084 |
| വരവ് | 133776592.50 |
| ആകെ | 204298676.50 |
| ചെലവ് | 136846989 |
| നീക്കിയിരിപ്പ് | 67451687.50 |

| | |
|---|---|
| വരവ് നഷ്ടം | 0 |
| ചെലവ് നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 1434106 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20838400 | 20838400 | 19944645 | 0 | 893755 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12380000 | 12380000 | 9344044 | 0 | 3035956 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 178000 | 178000 | 0 | 0 | 178000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11536000 | 11536000 | 11518402 | 0 | 17598 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4486161 | 4486161 | 4486161 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (Basic Grant-Untied) | 0 | 13672979 | 13672979 | 9028801 | 0 | 4644178 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - (Untied) | 0 | 6140000 | 6140000 | 2661704 | 0 | 3478296 |
| കേന്ദ്രാവിഷ്കൃതഫണ്ട് - എൻ.ആർ.ഇ.ജി.എസ് 320 100 128 | 456753 | 1416120 | 1872873 | 1781333 | 91540 | |
| സമ്പൂർണ്ണ ശുചിത്വം 320 100 181 | 243388 | 3800014 | 4043402 | 442582 | 3600820 | |
| ICDS- Central Share 320 100 125 | 1424517 | 985419 | 2409936 | 1883734 | 526202 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് - വിമുക്തി- 320 100 199 | 48424 | 0 | 48424 | 0 | 48424 | |
| 320 100 198 ശുചിത്വ മിഷൻ ഫണ്ട് | 135000 | 0 | 135000 | 74183 | 60817 | |
| 320 100 198 ICDS- State Share | 0 | 75000 | 75000 | 0 | 75000 | |
| 320 100 197 സാക്ഷരത | 6843 | 0 | 6843 | 0 | 6843 | |
| 320 100 191 നിർമ്മൽ പുരസ്കാരം | 276660 | 0 | 276660 | 0 | 276660 | |
| 320 200 399 State Sponsored Schemes | 0 | 4500000 | 4500000 | 280000 | 4220000 | |
| 320 300 102 ജലനിധി | 1110056 | 30500 | 1140556 | 0 | 1140556 | |
| 320 100 999 Other Liabilities | 0 | 18750 | 18750 | 18750 | 0 | |
| 320 300 199 കുടുംബശ്രീ ഫണ്ട് | 750000 | 1161963 | 1911963 | 1911963 | 0 | |
| 320 500 101 CIAL Fund | 271295 | 0 | 271295 | 271295 | 0 | |

2020-21 സാമ്പത്തികവർഷം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ് .

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവിന്റെ ശതമാനം | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 20838400 | 19944645 | 95.71% | 893755 | 4.29% |
| വികസന ഫണ്ട് (എസ്.സി.പി) | 12380000 | 9344044 | 75.48% | 3035956 | 24.52% |
| വികസനഫണ്ട് (ടി.എസ്.പി) | 178000 | 0 | 0% | 178000 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 11536000 | 11518402 | 99.85% | 17598 | 0.15% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4486161 | 4486161 | 100% | 0 | 0% |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Un Tied- Basic Grant) | 13672979 | 9028801 | 66.03% | 4644178 | 33.97% |
| ധനകാര്യ കമ്മീഷൻ അവാർഡ് ( Tied Grantt) | 6140000 | 2661704 | 43.35% | 3478296 | 56.65% |

2020-21 സാമ്പത്തികവർഷം മുൻവർഷത്തെ അപേക്ഷിച്ച് എല്ലാ ഇനം ഫണ്ടുകളുടെയും ചെലവ് ശതമാനം ഉയർന്നനില്ലുന്നണ്ട്. അതേസമയം പട്ടിക വർഗ്ഗ ഉപപദ്ധതി (TSP) ഫണ്ട് ഒട്ടും തന്നെ ചെലവഴിച്ചിട്ടില്ല എന്നതും പ്രത്യേക പരാമർശവിധേയമാണ്. അതുപോലെ ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ( UnTied), ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ( Tied) എന്നീ ഗ്രാന്റിനങ്ങളിലും യഥാക്രമം 33.97%, 56.95% ഫണ്ടുകൾ ലാപ്സായിപ്പോകുകയാണുണ്ടായത് എന്നതും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2020-21 വർഷത്തെ ധനകാര്യപ്പത്രികയിലെ RP -7ഷെഡ്യൂളിലെ ചെലവു തുകയും, I-6 ഷെഡ്യൂളിലെ ചെലവു തുകയും തമ്മിൽ വ്യത്യാസമുണ്ട്.ഇതിന് കാരണം താഴെപ്പറയുന്നതാണ്.

2020-21 വർഷത്തെ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ( 312 109 901 ) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 01.04.2020-ൽ മുന്നിരിപ്പ്

കാണിച്ചിരിക്കുന്നത് 6,44,68,168/- രൂപയാണ്. ഇതേ ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2021-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 7,11,53,977/-രൂപയാണ്. ഈ ഹെഡ് ഓഫ് അക്കൗണ്ടിലെ മുന്നിരിപ്പും, നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 66,85,809/- രൂപയാണ്.

അതായത് തൻവർഷം ക്യാപ്പിറ്റൽ എക്സ് പെൻഡിച്ചർ ഇനത്തിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് ഈ ഹെഡിലേക്ക് മാറ്റിയിട്ടിരിക്കുന്ന ആകെ തുകയായി വരേണ്ടത് 66,85,809/- രൂപയാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള കണക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു .

| ഫണ്ടിനം | As Per RP-7 | കുട്ടുക- ജി.ഒ പ്രൊജക്ടുകൾക്ക വേണ്ടി നീക്കിവെച്ച തുക | കുറയ്ക്കുക- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | As Per I-6 | Remarks |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 19944665 | 1401600 | 1580132 | 19766133 | |
| വികസന ഫണ്ട് (എസ്.സി.പി) | 9344044 | 0 | 370129 | 8973915 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4486161 | | 160485 | 4325676 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (UnTied) | 9028801 | | 2647663 | 6381138 | |
| ധനകാര്യ കമ്മീഷൻ അവാർഡ്( Tied) | 2661704 | | 1327400 | 1334304 | |
| ആകെ | | 1401600 | 6085809 | | |

ഇന്റഗ്രേറ്റഡ് ചൈൽഡ് ഡവലപ്മെന്റ് പ്രോഗ്രാമിന് വേണ്ടി ലഭ്യമായ കേന്ദ്രവിഹിതത്തിൽ നിന്ന് അംഗൻവാടി നിർമ്മാണത്തിനായി ചെലവായ 6,00,000/- രൂപ കൂടി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷണിലേക്ക് മാറ്റിയിട്ടുണ്ട്. ഇപ്രകാരം ആകെ 6685809/- രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 370 | 171793939 | 286 | 21346265 | 62 | 22 | 77.29 % |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 22 പ്രൊജക്ടുകൾ ഒട്ടുംതന്നെ നടപ്പാക്കാതെ ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്.

## 1-6 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി MG NREGS

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 456753 | 1416120 | 1872873 | 1781333 | 91540 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21276361 | 21276361 | 21276361 | 0 |
| ആകെ | 456753 | 22692481 | 23149234 | 23057694 | 91540 |

### 1-6-1 തൊഴിലുറപ്പ് പദ്ധതി-പ്രവർത്തനങ്ങളുടെ സംക്ഷിപ്തം

2020 -21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയു മായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു .

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 3258 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെളുടെ എണ്ണം | 4286 |
| ആക്ടീവായ ഗുണഭോക്താക്കൾ | 1190 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 867 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെളുടെ എണ്ണം | 953 |
| 2020-21 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 60858 |
| ഒര കടബത്തിന് ലഭ്യമായ ശരാശരി | 73.06 |

| | |
|---|---|
| തൊഴിൽ ദിനങ്ങൾ | |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 400 |
| 2020-21 വർഷത്തെ ആകെ ചെലവ് തുക | 226.88ലക്ഷം |

ആകെ പൂർത്തിയാക്കിയ പ്രവൃത്തികൾ- 269

നടപ്പിലാക്കിയ പദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|
| ഭവനനിർമ്മാണം | 7 |
| സോക്ക്പിറ്റ് | 15 |
| തൊഴുത്ത് നിർമ്മാണം | 9 |
| തോട്, കനാൽപുനരുദ്ധാരണം | 28 |
| ഭൂവികസനം ,മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | 130 |
| മിനി എംസിഎഫ് | 19 |
| ആട്ടിൻ കൂട് നിർമ്മാണം | 18 |
| കോഴിക്കൂട് നിർമ്മാണം | 14 |
| മരം വച്ച് പിടിപ്പിക്കൽ, നഴ്സറി നിർമ്മാണം | 12 |
| അസോളടാങ്ക് | 6 |
| കിണർ | 1 |
| കമ്പോസ്റ്റ് കുഴി | 10 |
| ആകെ | 269 |

1-6-2 ഭൂവികസന പദ്ധതികളിലെ അപാകതകൾ

2020-21 വർഷം നാമമാത്ര കർഷകരുടെ ഭൂവികസനം, മണ്ണ് -ജല സംരക്ഷണം മുതലായ കാർഷിക വികസനം ലക്ഷ്യമാക്കിയുള്ള 130 പദ്ധതികൾക്കായി ആകെ 15568946/-ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കിയതായി കാണുന്നു. ഫയലുകൾ പരിശോധിച്ചതു പ്രകാരം ഈ പ്രവൃത്തികളുടെ ഗുണഭോക്താക്കളുടെ വിവരങ്ങളോ പ്രവൃത്തികൾ നടത്തിയതായുള്ള ഗുണഭോക്താക്കളുടെ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-6-22 ലെ ഓഡിറ്റ് എൻക്വയറി നം 28 നുള്ള മറുപടിയിൽ സോഷ്യൽ ഓഡിറ്റ് വേളയിൽ ചില ഫയലുകളിൽ നിന്ന് പ്രവൃത്തിചെയ്യുന്നതിനുള്ള ഗുണഭോക്താക്കളുടെ സമ്മതപത്രം നഷ്ടപ്പെട്ടതാണ് എന്നാണ് അറിയിച്ചത്. ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഭൂവികസന പദ്ധതികൾക്കൊഴികെയുള്ള വ്യക്തിഗത തൊഴിലുറപ്പ് പദ്ധതികൾക്ക് മാത്രമാണ് പഞ്ചായത്ത് കമ്മിറ്റി ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുള്ളത്. ഭൂവികസന പദ്ധതികളുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് ഇതിനാൽ വ്യക്തമാക്കപ്പെടുന്നില്ല. ഒരു പദ്ധതിയിൽ തന്നെ ഉൾപെടുത്തി ഒന്നിലധികം ഗുണഭോക്താക്കളുടെ സർവേ നമ്പറിലുള്ള സ്ഥലങ്ങളിൽ പ്രവൃത്തികൾ നടത്തി അളവു പുസ്തകത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. അളവു പുസ്തകത്തിൽ പ്രവൃത്തി നടപ്പിലാക്കിയ സ്ഥലങ്ങളുടെ സർവേ നമ്പർ കാണിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ സുതാര്യത ഉറപ്പുവരുത്താനാകുന്നില്ല.

ഭൂവികസന പദ്ധതികളുടെ കൃത്യമായ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിക്കേണ്ടതും ഇത്തരം പദ്ധതികൾ പഞ്ചായത്തിൽ കൃഷി ഓഫീസ് നടപ്പിലാക്കുന്ന പദ്ധതികളുമായി ബന്ധപ്പെടുത്തി കാർഷിക വികസനത്തിന് കൂടുതൽ പ്രയോജനകരമാകും വിധം നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 6453200 | 341 |

| | | |
|---|---|---|
| വിധവാപെൻഷൻ | 26692300 | 1369 |
| വാർദ്ധക്യകാലപെൻഷൻ | 57596300 | 3272 |
| വികലാംഗപെൻഷൻ | 6074100 | 320 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1607400 | 86 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.06.2022 ഉച്ചകഴിഞ്ഞ് 3.30 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10095/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ എത്തുന്ന അപേക്ഷകൾ അതത് ദിവസം തന്നെ സെക്ഷനുകളിലേക്ക് എത്തുന്നുണ്ട്. പഞ്ചായത്തിൽ പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ നടത്തുകയും, പ്രവർത്തന പുരോഗതി വിലയിരുത്തപ്പെടുകയും ചെയ്യുന്നുണ്ട്. മീറ്റിംഗിന്റെ മിനിറ്റ്സുകളിൽ വിവരങ്ങൾ രേഖപ്പെടുത്തിപ്പോരുന്നുണ്ട്. പഞ്ചായത്തിൽ നിന്നും വിവിധ സേവനങ്ങൾ ആവശ്യപ്പെട്ടുവരുന്ന പൊതുജനങ്ങൾക്ക് മികച്ച സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ ഒരുക്കിയിട്ടുണ്ട്.

വൗച്ചറുകളുടെ സൂക്ഷിപ്പ്

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തെ വൗച്ചറുകൾ മികച്ച രീതിയിൽ സൂക്ഷിക്കുന്നുണ്ട്. വൗച്ചറിനൊപ്പം ചെലവ് രേഖകൾ ഉൾപ്പെടുത്തി ഫയൽ ചെയ്യുന്നുണ്ട്.

## 1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളാണുള്ളത്. 2020 ജനവരി / ഫെബ്രുവരി മാസങ്ങളിലായി ചേർന്ന ഗ്രാമസഭയിൽ 2020-21 വർഷത്തെ ജനകീയാസൂത്രണ പദ്ധതി രൂപീകരണവും, ദുരന്ത നിവാരണ സേന രൂപീകരണവും ആണ് അജണ്ടകളാക്കി ഉൾപ്പെടുത്തിയിരുന്നത്. 2021 ഫെബ്രുവരിയിൽ 2020-21 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ഗ്രാമസഭ ചേർന്നിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/2019 | 29.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2014-15 To 2018- 19 | 03.06.2019 |

## 1-12 ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും രൂപീകരണോദ്ദേശ്യത്തെ സാധൂകരിക്കുന്ന രീതിയിൽ ഓഡിറ്റ് വർഷം അർഹരായ ആളുകൾക്ക് ആശ്വാസധനം വിതരണം ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 37426 |
| വരവ് | 21389 |
| ആകെ | 58815 |
| ചെലവ് | 40000 |
| നീക്കിയിരിപ്പ് | 18815 |

## 1-13 രസീത് പരിശോധന - അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ മാന്വൽ രസീത് ബുക്കുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)രസീത് ബുക്ക് നം. 62310ലെ രസീത് നമ്പർ 7,8 രസീതുകൾ പ്രകാരം 5/181, 5/180 എന്നീ കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ യഥാക്രമം 109/-, 465/- രൂപ പിരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. കൂടാതെ രസീതിന്റെ കൗണ്ടർ ഫോയിൽ തുക അടവാക്കിയ വ്യക്തികൾക്ക് നൽകുകയോ പ്രസ്തുത രസീത് സഞ്ചയയിൽ ബുക്ക് ചെയ്യുകയോ ചെയ്തിട്ടില്ല.

2)നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ രസീതുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഉദാ : 62306, 62303, 62304, 62320, 62302, 54888

3)കൃഷി ഓഫീസർക്ക് നൽകിയ രസീതു ബുക്കിലെ രസീതുകൾ തീയതി, ഒപ്പ് എന്നിവ രേഖപ്പെടുത്താതെ വിതരണം ചെയ്യുന്നു.

ഉദാ : 62303/1 മുതൽ 22 വരെ & 38 മുതൽ 59 വരെ( തീയതി)

62303/13 മുതൽ 22 വരെ & 40 മുതൽ 50 വരെ (ഒപ്പ്)

4) സാമ്പത്തിക വർഷാവസാനം രസീത് ബുക്കുകളിൽ ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ റദ്ദാക്കിയിട്ടില്ല.

ഉദാ : 62306/59 മുതൽ 100 വരെ

62303/90 മുതൽ 100 വരെ

ഓഡിറ്റ് നിർദ്ദേശം

1. പണം സ്വീകരിക്കുന്നതിനായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ ലഭിച്ച തുക രസീതുകളിൽ രേഖപ്പെടുത്തേണ്ടതും പണം ഒടുക്കുന്ന ആൾക്ക് ലഭിച്ച തുകയുള്ള ഡ്യൂപ്ലിക്കേറ്റ് രസീത് നൽകേണ്ടതുമാണ്.

2. സാമ്പത്തിക വർഷാവസാനം രസീത് ബുക്കിൽ അവശേഷിച്ച രസീതുകൾ റദ്ദാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. രസീതുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി വിതരണം ചെയ്യേണ്ടതാണ്.

4. രശീതികളുടെ ഉപയോഗത്തിൽ ഉത്തരവാദപ്പെട്ടവർ കൃത്യമായ നിർദ്ദേശം നൽകുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 205 ഐ , 1994 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 18(2) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ(ഫോറം 5) സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ കാലികമായി പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ അത്തരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ സാംഖ്യ, ILGMS( 17.09.2020 മുതൽ) എന്നിവ പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയത്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അടച്ചിട്ടുണ്ടോ എന്ന് ഉറപ്പിക്കാനായിട്ടില്ല. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന്(19/16.06.2022) മറുപടി നൽകി.

## 1-14-1 ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി

1)2020-21 സാമ്പത്തിക വർഷത്തിലെ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | അർദ്ധ വർഷം | റിട്ടേൺ പ്രകാരം ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | ജി.എൽ.പി.എസ് തുരുത്തിശ്ശേരി | റംമ്‌ലത്ത് എം.എച്ച് | I | 75736 | 600 | 750 | 150 |
| 2 | ആനന്ദ് ഇൻഡസ്ട്രീസ് | സന്ധ്യ സാബു | രേഖപ്പെടുത്തിയിട്ടില്ല | 76621 | 600 | 750 | 150 |
| | | സിനി പോൾ | | 79852 | 600 | 750 | 150 |
| | | ഷൈലജ റാണി | | 77956 | 600 | 750 | 150 |
| | | ഷൈനി എം.കെ | | 76201 | 600 | 750 | 150 |
| | | മിനി വിൻസന്റ് | | 78614 | 600 | 750 | 150 |
| | | ഉഷ ബോബൻ | | 77698 | 600 | 750 | 150 |
| | | ജൂന ജയറാണി | | 79852 | 600 | 750 | 150 |
| | | സിനി | | 77698 | 600 | 750 | 150 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | മത്തായി | | | | | |
| | | സുജാത അശോകൻ | | 79852 | 600 | 750 | 150 |
| | | വെറോണിക പോൾസൻ | | 76422 | 600 | 750 | 150 |
| | | നയന കലാധരൻ | | 76563 | 600 | 750 | 150 |
| | | ബിത സുനിൽ | | 75687 | 600 | 750 | 150 |
| | | റെൻസി മാത്യു | | 89770 | 600 | 750 | 150 |
| | | ഷൈനി രാജേഷ് | | 87300 | 600 | 750 | 150 |
| | | ശ്രീകാന്ത് എ ബി | | 84000 | 600 | 750 | 150 |
| 3 | പീസ് മിഷൻ സെന്റർ | റീന രാജു | II | 18000 | 120 | 180 | 60 |
| | | റിയ | | 18000 | 120 | 180 | 60 |
| | | ജിൻസി കിരൺ | | 18000 | 120 | 180 | 60 |
| | | ലിൻസി വർഗ്ഗീസ് | | 18000 | 120 | 180 | 60 |
| | | ബിനോജ് എം വി | | 18000 | 120 | 180 | 60 |
| | | മഞ്ജു എൽദോ | | 18000 | 120 | 180 | 60 |
| | | രുക്മിണി ബാബു | | 18000 | 120 | 180 | 60 |
| | | ഷീജ വർഗ്ഗീസ് | | 18000 | 120 | 180 | 60 |
| 4 | BPCL Aviation Fuelling Station | അനിത് കുമാർ | രേഖപ്പെടുത്തിയിട്ടില്ല | 389164 | 750 | 1250 | 500 |
| 5 | AIR Works India Engineering Pvt Ltd | സുനിൽ കുമാർ | II | 135804 | 1000 | 1250 | 250 |
| | | പ്രവീൺ ബാപുറാവു | | 72672 | 550 | 600 | 50 |
| | | അജിത്കുമാർ എ.ഡി | | 72672 | 510 | 600 | 90 |
| | | അംരേന്ദ്ര കുമാർ | | 138600 | 1000 | 1250 | 250 |
| 6 | ഗൈനോ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | ഷൈജി സൈമൺ | I | 18080 | 120 | 180 | 60 |
| | | | II | 18080 | 120 | 180 | 60 |
| ആകെ | | | | | | | 4140 |

2) 2019-20 സാമ്പത്തിക വർഷത്തെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(അരിയർ) ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | റിട്ടേൺ പ്രകാരം ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | പീസ് മിഷൻ സെന്റർ | രുക്മിണി ബാബു | 18000 | 120 | 180 | 60 |
| 2 | | ഷീല പോളച്ചൻ | 18000 | 120 | 180 | 60 |
| 3 | | ജിജി മാത്യു | 18000 | 120 | 180 | 60 |
| 4 | | ലിജി ചാക്കോ | 18000 | 120 | 180 | 60 |
| 5 | | റീന രാജു | 18000 | 120 | 180 | 60 |

| | | | | | | |
|---|---|---|---|---|---|---|
| 6 | | റിയ പി ഡി | 18000 | 120 | 180 | 60 |
| 7 | | ജിൻസി കിരൺ | 18000 | 120 | 180 | 60 |
| 8 | | ലിൻസി വർഗ്ഗീസ് | 18000 | 120 | 180 | 60 |
| 9 | | ബിനോയ് എം വി | 18000 | 120 | 180 | 60 |
| 10 | | മഞ്ജു എൽദോ | 18000 | 120 | 180 | 60 |

3) BWFS INDIA Pvt Ltd(Bird Worldwide Flight Services) എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2019-20 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി(അരിയർ) ഈടാക്കിയതിൽ കുറവ് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | റിട്ടേൺ പ്രകാരം ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | ഏലിയാസ് എ വി | 180001 | 1000 | 1250 | 250 |
| 2 | അംബിക ആനന്ദ് | 173333 | 1000 | 1250 | 250 |
| 3 | അജിത് മോഹനൻ | 150677 | 1000 | 1250 | 250 |
| 4 | അശ്വതി ആന്റണി | 172719 | 1000 | 1250 | 250 |
| 5 | അഞ്ജു ജോയ് | 167307 | 1000 | 1250 | 250 |
| 6 | അനീറ്റ ബേബി | 182453 | 1000 | 1250 | 250 |
| 7 | അഗസ്റ്റിൻ ഷിനോയ് ജോസഫ് | 186213 | 1000 | 1250 | 250 |
| 8 | ആന്റണി പി ഐ | 115514 | 750 | 1000 | 250 |
| 9 | അജിത റെജി | 167426 | 1000 | 1250 | 250 |
| 10 | അജിത് പോൾ | 149752 | 750 | 1250 | 500 |
| 11 | അജിത്കുമാർ സി കെ | 123384 | 750 | 1000 | 250 |
| 12 | അൽഫോൺസ ദേവസ്സി | 122778 | 750 | 1000 | 250 |
| 13 | അജിത ഷൈലൻ | 137552 | 750 | 1250 | 500 |
| 14 | അശ്വതി ഷിബു | 169595 | 1000 | 1250 | 250 |
| 15 | ആശ സി.എ | 103112 | 750 | 1000 | 250 |
| 16 | അഖിൽകുമാർ ഒ | 155215 | 1000 | 1250 | 250 |
| 17 | ആനന്ദ് എബ്രഹാം | 175912 | 1000 | 1250 | 250 |
| 18 | അനീഷ് എം.ജി | 174860 | 1000 | 1250 | 250 |
| 19 | ആൽവിൻ പി.കെ | 158030 | 1000 | 1250 | 250 |
| 20 | അരുൺ പോളച്ചൻ | 167914 | 1000 | 1250 | 250 |
| 21 | അമ്പിളി സന്തോഷ് | 160743 | 1000 | 1250 | 250 |
| 22 | അനിത കെ.എസ് | 139383 | 750 | 1250 | 500 |
| 23 | അനന്ദു കൃഷ്ണൻ | 174353 | 1000 | 1250 | 250 |
| 24 | അനൂപ് എം | 172721 | 1000 | 1250 | 250 |
| 25 | അരുൺ കെ.ആർ | 157421 | 1000 | 1250 | 250 |
| 26 | അശ്വതി കമൽ | 158496 | 1000 | 1250 | 250 |
| 27 | അനീഷ് കെ.എസ് | 165873 | 1000 | 1250 | 250 |
| 28 | അജിത് ജെ. | 165244 | 1000 | 1250 | 250 |

| | | | | | |
|---|---|---|---|---|---|
| | വർഗ്ഗീസ് | | | | |
| 29 | അനൂപ് വി.എസ് | 133070 | 750 | 1250 | 500 |
| 30 | ആതിര പി.എം | 155588 | 1000 | 1250 | 250 |
| 31 | അഖിൽ ജെയിംസ് | 166106 | 1000 | 1250 | 250 |

പ്രസ്തുത സ്ഥാപനം സമർപ്പിച്ച റിട്ടേൺ സ്റ്റേറ്റ്മെന്റിൽ 1049 ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട്.ആയതു പ്രകാരം മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത മറ്റു ജീവനക്കാരിൽ നിന്നും സമാന രീതിയിൽ കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നു.

തൊഴിൽ നികുതി കുറവ് ഈടാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/16.06.2022)മറുപടി നൽകി. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-14-2 ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2020-21 വർഷത്തെ ലൈസൻസിനായി സ്ഥാപനങ്ങൾ പഞ്ചായത്തിൽ സമർപ്പിച്ച FTEAOS അപേക്ഷകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. FTEAOS ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൻ പ്രകാരം ചില സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | Classic Protection Force | 98 |
| 2 | Trends Apparels | 5 |
| 3 | Eclat Apparels | 8 |
| 4 | Biovision | 4 |
| 5 | Manjooran Steel Industries | 14 |
| 6 | Expert Offset Press | 7 |
| 7 | Kalliyath Developers Pvt Ltd | 10 |
| 8 | J & V Coir Products | 4 |
| 9 | V & V Agencies | 6 |
| 10 | Aiza & Amal Trending | 9 |
| 11 | Namasthe Ayurveda Clinic & Nursing Home | 4 |
| 12 | Beverages Corporation Outlet, Airport Road | 8 |
| 13 | Ajfan Dates & Nuts | 5 |
| 14 | Big Wheels | 5 |
| 15 | Kancor Ingrediants Ltd | 9 |
| 16 | Jass Enterprises | 7 |
| 17 | Sajo Industries | 6 |
| 18 | Kansons Foods Pvt Ltd | 15 |
| 19 | Courtyard By Marriott | 100 |
| 20 | Lulu Flight Kitchen | 200 |
| 21 | Teejan Interiors Pvt Ltd | 8 |
| 22 | Saj Earth Resort | 50 |
| 23 | Southern M Sand | 10 |
| 24 | BRS Autos | 17 |

| | | |
|---|---|---|
| 25 | ERA Internationals | 5 |
| 26 | Priyas( Sale Of Petrolium) | 20 |
| 27 | Travel News Services India Pvt Ltd | 32 |
| 28 | Smart Hyper Market | 23 |
| 29 | Sony Cartons | 6 |
| 30 | CeeTech Interiors | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

പഞ്ചായത്തിന്റെ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ പട്ടികയിലെ സ്ഥാപനങ്ങിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (19/16.06.2022)മറുപടി ലഭ്യമാക്കി. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-15 സഞ്ചയയിൽ തെറ്റായ ഉപയോഗക്രമം രേഖപ്പെടുത്തി - വരുമാന നഷ്ടം

2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം സാജ് ഹോൾഡിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്, സാജ് എർത്ത് ബിൽഡിംഗ്സ്, കരിയാട് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള IX/610 നമ്പർ കെട്ടിടത്തിൽ (വിസ്തീർണ്ണം-279ച.മീ.) സാജ് എർത്ത് റിസോർട്ട് എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ വിനിയോഗ ഗണം അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 30/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. നിലവിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് റിസോർട്ടുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 90/-രൂപ നിരക്കിലാണ് വസ്തുനികുതി ഈടാക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന വസ്തുനികുതി | 279 * 30= 8370 | 279 * 90= 25110 |
| ഇളവ്(മേഖല-ദ്വിതീയം-10%) | 837 | 2511 |
| വർദ്ധനവ് | വഴിസൗകര്യം,20%=1674<br>തറനിർമ്മിതി-15%=1255.5 | വഴിസൗകര്യം- 20% = 5022<br>തറനിർമ്മിതി-15% = 3766.5 |
| ലൈബ്രറി സെസ്സ് (5%) | 524 | 1569 |
| ആകെ നികുതി | 10987/- | 32956/- |

90/- രൂപ നിരക്കിൽ 32956/- രൂപയാണ് കെട്ടിടത്തിന് ബാധകമാക്കേണ്ടിയിരുന്ന വസ്തുനികുതി . ആയതുപ്രകാരം പ്രതിവർഷം ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 21969/- രൂപ നഷ്ടമുണ്ടാകുന്നുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/17.06.2022) മറുപടി ലഭ്യമാക്കിയില്ല.

1-16 വസ്തു നികുതി - ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗ ക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനപ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015 ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപന പ്രകാരവും 08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപന പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിൽ മേൽ ഭേദഗതി പ്രകാരമുള്ള നികുതി നിരക്ക് നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രം നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 2 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 3 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 |

മേൽ പട്ടികയിലെ ഉപയോഗക്രമങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/17.06.2022) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. ആയതിനാൽ പ്രസ്തുത ഗണത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നികുതി നിർണ്ണയം സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച ഏതെങ്കിലും വിഭാഗം കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അടിയന്തിരമായി നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-17 വസ്തു നികുതിയിനത്തിൽ കുടിശ്ശിക വർദ്ധിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനതു നികുതി വരവിനമായ വസ്തു നികുതിയുടെ കുടിശ്ശിക ഓരോ സാമ്പത്തിക വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പഞ്ചായത്തിന്റെ അവസാന മൂന്നു വർഷങ്ങളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| വസ്തുനികുതി ഇനം | സാമ്പത്തിക വർഷം | | |
|---|---|---|---|
| | 2018-19 | 2019-20 | 2020-21 |
| റെസിഡെൻഷ്യൽ (കറണ്ട്) | 575105 | 503382 | 811734 |
| റെസിഡെൻഷ്യൽ (അരിയർ) | 621970 | 256128 | 407043 |
| നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 843661 | 1637033 | 1673727 |
| നോൺ റെസിഡെൻഷ്യൽ (അരിയർ) | 2568224 | 2732873 | 3377474 |
| ആകെ | 4608960 | 5129416 | 6269978 |

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തു നികുതി പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. മേൽ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വസ്തുനികുതിയിലെ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 33/17.06.2022) മറുപടി ലഭിച്ചില്ല. ആയത് പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - കൂടുതൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 27/16.06.2022).

1-18-1 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല

പഞ്ചായത്തിലെ സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 19 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ള 2907 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1670 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 471 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 5 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 10 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 57 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 144 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 381 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 34 |
| | 2 | ഇതര വ്യവസായം | 131 |
| | 3 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 4 |

എന്നാൽ 2020-21 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 656 എണ്ണം (762 കെട്ടിടങ്ങളിലായി) മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-18-2 ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 5000 |
| | | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും | |
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 10000 |
| | | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും | |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും പട്ടിക II പ്രകാരമുള്ള നിരക്ക് ഈടാക്കുന്നതിന് പകരം വിവിധ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | സെന്റ് മേരീസ് സിമെന്റ് വർക്സ് | അബ്രഹാം എം വി | 5 | 1200 |
| 2 | സൂപ്പർ മെറ്റൽസ് | വർഗ്ഗീസ് പോൾ | 19 | 2000 |
| 3 | ബി കെ എഞ്ചിനീയറിംഗ് വർക്സ് | ബാലകൃഷ്ണൻ എൻ ടി | 24 | 2000 |
| 4 | ഹോട്ടൽ ബ്രദേഴ്സ് | എ കെ വർഗ്ഗീസ് | 26 | 300 |
| 5 | കാൻസൺസ് ഫുഡ്സ് പ്രൈ. ലിമിറ്റഡ് | പി പി മുസ്തഫ | 31 | 3000 |

| | | | | |
|---|---|---|---|---|
| 6 | മെഡിക്കൽ ഏജൻസീസ് | സീമെൻ ടി വി | 52 | 600 |
| 7 | എം ആർ സ്റ്റോർസ് | എം ആർ നാരായണൻ | 62 | 200 |
| 8 | സാന്ദ്രാ പ്രീ ഫോംസ് | കെ പി ജോണി | 72 | 700 |
| 9 | സാൻജോ പോളി ടെക്ക് പ്രൈ. ലിമിറ്റഡ് | ,, | 73 | 1500 |
| 10 | കൻകോർ ഇൻഗ്രഡിയൻസ് ലിമിറ്റഡ് | ഡയറക്ടർ | 80 | 6000 |
| 11 | പ്രൊവിഷൻ സ്റ്റോർ | എ ഐ വർക്കി | 96 | 300 |
| 12 | കാർണിവൽ റെഡ് കാർപ്പറ്റ് കഫേ | പി വി സുനിൽ | 109 | 4000 |
| 13 | തൈകനത്ത് ഗ്ലാസ് & പ്ലവുഡ് | ഷിജോ ടി പി | 125 | 400 |
| 14 | നന്ദൂസ് ലേഡീസ് സെന്റർ | സുലോജന പി വി | 151 | 200 |
| 15 | കച്ചാപ്പിള്ളി സ്പോർട്സ് ഗാലറി | കെ ജെ ദേവസ്സികുട്ടി | 303 | 300 |

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് പഞ്ചായത്ത് തലത്തിൽ നിശ്ചയിച്ച് ആയത് പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18-3 റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിലെ ക്രമ നം. 149, 139 എന്നിവ പ്രകാരം റേഷൻ കടകൾക്കും കള്ള് ഷാപ്പുകൾക്കും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് അവശ്യമാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ്

ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. മേൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുവാനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

1-18-4 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2 /09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവയ്ക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-18-5 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2020-21 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരിയാട്, അത്താണി എന്നീ സ്ഥലങ്ങളിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 60 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 47 കടമുറികളിലായി പ്രവർത്തിക്കുന്ന 34 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ബാക്കി 13 കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക മുറികളിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-19 പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരിയാട് ഷോപ്പിംഗ് കോംപ്ലക്സിലെ 10 കടമുറികളും അത്താണി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സുകളിലെ 45 കടമുറികളും അത്താണി ബസ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സിലെ 5 കടമുറികളും ഉൾപ്പെടെ 60 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിട വാടക രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 07/14.06.2022).

1-19-1 വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക നിശ്ചയിക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 (5, 6, 7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19-2 ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ്

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതാണ്. വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഫോറം III ന്റെ മാതൃകയിലുള്ളതല്ല. വാടക മുറിയുടെ വിസ്തീർണ്ണം, അതിരുകൾ, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ എന്നിവയുടെ വിശദാംശങ്ങൾ കരാർ പത്രങ്ങളിൽ ഉൾപ്പെടുത്തുന്നില്ല. വാടകക്കാരൻ കടമുറി എന്താവശ്യത്തിനാണ് എടുക്കുന്നതെന്ന് കരാർ പത്രത്തിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ കരാറിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കാണോ മുറി ഉപയോഗപ്പെടുത്തുന്നതെന്ന് പരിശോധിക്കാൻ കഴിയാതെ വരുന്നുണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-19-3 വാടക കുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ വാടക ഇനത്തിൽ കുടിശ്ശികയായി ആകെ 999474/- രൂപ (തൻവർഷം - 603651/- രൂപ, മുൻവർഷം - 395823/- രൂപ) പഞ്ചായത്ത്

പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. വാടക ഇനത്തിലെ മുൻവർഷങ്ങളിലെ കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാനാവശ്യമായ മേൽ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19-4 എല്ലാ വാടകക്കാരുമായും കരാർ ചമച്ചിട്ടില്ല

വാടക രജിസ്റ്റർ പ്രാകരം 60 കട മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 17 കട മുറികളിലെ വാടകക്കാരുമായി മാത്രമാണ് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമച്ചിട്ടുള്ളത്. ബാക്കിയുള്ള 43 വാടകക്കാരുമായും പഞ്ചായത്ത് നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമച്ചതായി കാണുന്നില്ല. ബാക്കിയുള്ള 43 കടമുറികളിലെ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാറുകൾ ചമച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19-5 ചട്ട പ്രകാരമുള്ള സംവരണം ഉറപ്പ് വരുത്തേണ്ടതാണ്

2005 ലെ കേരള പഞ്ചായത്ത് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ/സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടിയും 3% ഭിന്നശേഷി വിഭാഗങ്ങൾക്കും സംവരണം ചെയ്തു നൽകേണ്ടതാണ്. വാടക രജിസ്റ്റർ പ്രകാരം അത്താണി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു കട മുറി (ബി6) എസ് സിക്കായി സംവരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഉപയോഗിച്ച് വരുന്നു. ചട്ടം10 പ്രകാരമുള്ള സംവരണം ഉറപ്പ് വരുത്തേണ്ടതും ഏതെങ്കിലും കാരണങ്ങളാൽ ഈ വിഭാഗങ്ങൾക്ക് അർഹമായ സംവരണം കുറവുള്ള പക്ഷം ആയത് നികത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2003 മുതൽ പഞ്ചായത്തിൽ ലഭിച്ച ഡെപ്പോസിറ്റുകൾ നിലവിലും തിരികെ നൽകാതെ ശേഷിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് (Vol. I)ആർട്ടിക്കിൾ 282(1) പ്രകാരം അവകാശികൾ തിരികെ ആവശ്യപ്പെടാതെ 3 വർഷത്തിലധികം നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ വാർഷിക ധനകാര്യ പത്രികയിലെ B7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ അവശേഷിക്കുന്ന തുക ₹78,74,227/- ആണ്. (ഇതിൽ Contractor's Security Deposit എന്ന ഹെഡ്ഡിൽ മാത്രം₹55,02,009/- അവശേഷിക്കുന്നുണ്ട്.) ഇതിൽ കാലഹരണപ്പെട്ടവ ഏതൊക്കെയെന്ന് കണ്ടെത്തി ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

1-21 ചെലവ് വിവരങ്ങൾ ലഭ്യമല്ല

2020-21 സാമ്പത്തിക വർഷം മഴക്കാല പൂർവ്വ ശുചീകരണത്തിനുവേണ്ടി ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെയും വാർഡ് തല സാനിട്ടേഷൻ സമിതികളിലേക്ക് കൈമാറുന്നതിനായി വാർഡൊന്നിന് ₹10000/- വീതം വൗച്ചർ നമ്പർ 22000177/14.5.20 പ്രകാരം ₹190000/- , വൗച്ചർ നമ്പർ 22000178/14.5.20 പ്രകാരം വാർഡൊന്നിന് ₹5000/- വീതം ₹95000/- എന്നിങ്ങനെ ആകെ ₹285000/- മെഡിക്കൽ ഓഫീസർ (PHC)യ്ക്ക് കൈമാറിയിട്ടുണ്ട്. ഈ തുക വിനിയോഗിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 2 ) നൽകിയെങ്കിലും രേഖകൾ ലഭ്യമായില്ല. ചെലവ് വിവരത്തിന്റെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് തുക ₹285000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

1-22 വെള്ളക്കരമിനത്തിലെ ചെലവ്

നെടുമ്പാശ്ശേരി പഞ്ചായത്ത് പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം ₹1,92,500/-നിരക്കിൽ ഒരു വർഷം ₹23,10,000/-വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്നുണ്ട്. 440 ടാപ്പുകൾക്ക് പ്രതിവർഷം ₹5250 നിരക്കിലാണ് കുടിവെള്ളക്കരം വാട്ടർ അതോറിറ്റി ഈടാക്കിക്കൊണ്ടിരിക്കുന്നത്. 19 വാർഡുകളുള്ള പഞ്ചായത്തിൽ വാട്ടർ അതോറിറ്റി നൽകുന്ന ബില്ലിലെ വിവരം അനുസരിച്ച് 440 ടാപ്പുകൾ പ്രവർത്തനക്ഷമമായി സങ്കൽപിച്ചാണ് തുക രേഖപ്പെടുത്തി പോരുന്നത് - അതായത് ഒരു വാർഡിൽ ശരാശരി 23 പൊതുടാപ്പ് ഉപയോഗിക്കുന്നുണ്ടെന്ന് കണക്കാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ പഞ്ചായത്തിൽ ഇത്രയും ടാപ്പുകൾ പ്രവർത്തനക്ഷമമാണോ എന്നത് പരിശോധിക്കുന്നതിനും, ഉപയോഗ പ്രദമല്ലാത്ത ടാപ്പുകൾ കണ്ടെത്തി ഒഴിവാക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിവരം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.5) നൽകിയിരുന്നു. എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 18.11.2021ൽ, ഉപയോഗ ശൂന്യമായ വാട്ടർ ടാപ്പുകൾ കണ്ടെത്തി നീക്കം ചെയ്യുന്നതിന് സംയുക്ത പരിശോധന നടത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ കത്ത് ഓഡിറ്റിന് ലഭ്യമാക്കി. ഇതിന്മേൽ തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക 4,64,198/- രൂപ തടസ്സപ്പെടുത്തുന്നു.

2020-2021 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് , കേരള വാട്ടർ അതോറിറ്റി, എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | മൂഴിയിൽ കണ്ടേലി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ S170/21 | 22000200 18/05/2020 | 140998 | 140998 | 0 |
| | വിവിധ വാർഡുകളിൽലൈൻ ദീർഘിപ്പിക്കൽ- പ്രൊജക്ട് നം. S209/21 | 69712/- Try Bill No 03/20-21 19/05/2020 56312/- Try Bill No 04/20-21 19/05/2020 | 126024 | 0 | 126024 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ & പോസ്റ്റ് മാറ്റൽ പ്രൊജക്ട് നം. S030/21 | 69018/- Try Bill No 12/20-21 10/07/2020 273776/- 330/20-21 To 337/20-21 Dtd 23/10/2020 | 342794 | 10620 | 332174 |
| | ആകെ | | 609816 | 151618 | 458198 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- പ്രൊജക്ട് നം. S25/21 | 6000/- Try Bill No 75/20-21 15/05/2020 | 6000 | 0 | 6000 |
| | ആകെ | | 6000 | 0 | 6000 |

മേൽപ്പറഞ്ഞ പ്രകാരം നിക്ഷേപിക്കപ്പെട്ട തുകയിൽ കെ.എസ് .ഇ.ബി-യിൽ നിക്ഷേപിക്കപ്പെട്ട 609816/- രൂപയിൽ വിനിയോഗസാക്ഷ്യപ്പത്രം ലഭ്യമായ 151618/- രൂപ കിഴിച്ച് 458198/- രൂപയും, കേരള വാട്ടർ അതോറിട്ടിയിൽ നിക്ഷേപിച്ച 6000/- രൂപയും ഉൾപ്പെടെ 4,64,198/- രൂപ( 458198 + 6000) ബന്ധപ്പെട്ട പ്രൊജക്ടുകൾക്കായി ചെലവഴിക്കപ്പെട്ടതായുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ തടസ്സപ്പെടുത്തുന്നു.

1-24 ഐ.കെ.എം-ൽ അടച്ച തുകയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 100000/- രൂപ തടസ്സപ്പെടുത്തുന്നു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവത്ക്കരണത്തിനാവശ്യമായ ഐ. ടി സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 08.03.2016ലെ ജി.ഒ (ആർ. ടി.) 1228/2016/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ ഗ്രാമപഞ്ചായത്തുകൾ IKM ന് നിശ്ചിത തുക ഫീസിനത്തിൽ അടയ്ക്കുന്നുണ്ട്.

ഇപ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് IKM-ൽ അടച്ച തുകയിൽ 31.03.2017 വരെയുള്ള കാലയളവിലെ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന വർഷങ്ങളിൽ അടച്ച തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രങ്ങൾ IKM നല്കിയിട്ടില്ല.

| വർഷം | ഡിമാന്റ് ചെയ്ത തുക | അടച്ച തുക | ബാക്കി അടയ്ക്കാനുള്ള തുക |
|---|---|---|---|
| 2017-18 | 82715 | 75000 | 7715 |
| 2018-19 | 91408 | 91408 | |
| 2019-20 | 91088 | 91088 | |
| 2020-21 | 92015 | 100000 | |
| ആകെ | 357226 | 357496 | 0 |

മേൽപ്പറഞ്ഞ പ്രകാരം 2017-18 മുതൽ നാളിതുവരെ ( 31.03.2021 ) IKM -ൽ അടച്ച തുകയിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാനുള്ള 3,57,496/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2020-2021 സാമ്പത്തികവർഷം IKM ൽ അടച്ച തുക 1,00,000/- രൂപ ( ട്രഷറി ബിൽ നമ്പർ. 09/20-21 തീയതി. 22/06/2020)-യുടെ ചെലവ് വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

1-25 സാമൂഹ്യ സുരക്ഷാ പെൻഷൻ - പെൻഷണറുടെ മരണശേഷവും പെൻഷൻ വിതരണം ചെയ്യുന്നു

1) ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ സ.ഉ. (എം.എസ്) നം. 278/2018 ധന . തീയതി 03.08.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഡെത്ത് രജിസ്ട്രേഷൻ സമയത്ത് പഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി കാണുന്നു. പരിശോധനയിൽ കണ്ടെത്തിയ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം/സ്റ്റാറ്റസ് | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | കറപ്പൻ | വാർദ്ധക്യ കാല പെൻഷൻ, ആക്ടീവ് | 107010202342 | 23.02.2020 | 03/2020 മുതൽ 05/2022 വരെ | 40200/- |
| 2 | വേലായുധൻ .ടി.കെ | വാർദ്ധക്യ കാല പെൻഷൻ, ആക്ടീവ് | 107010201587 | 18.02.2020 | 03/2020 മുതൽ 01/2022 വരെ | 35400/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | അച്ചാമ്മ പൗലോസ് | ദേശീയ വിധവ പെൻഷൻ , ആക്ടീവ് | 107010600425 | 30.03.2020 | 04/2020 മുതൽ 05/2022 വരെ | 39000/- |
| 4 | കുറുമ്പ | വാർദ്ധക്യ കാല പെൻഷൻ, ആക്ടീവ് | 107010203524 | 04.03.2020 | 04/2020 മുതൽ 05/2022 വരെ | 39000/- |
| 5 | മറിയം | വാർദ്ധക്യ കാല പെൻഷൻ, ആക്ടീവ് | 107010200344 | 01.03.2020 | 03/2020 മുതൽ 05/2022 വരെ | 40200/- |
| 6 | മുരളീധരൻ എ.പി | വാർദ്ധക്യ കാല പെൻഷൻ, ആക്ടീവ് | 107010203202 | 06.03.2020 | 04/2020 മുതൽ 05/2022 വരെ | 39000/- |
| 7 | ലീല നാരായണൻ | കർഷക തൊഴിലാളി പെൻഷൻ | 107010100466 | 01.03.2020 | 03/2020 മുതൽ 05/2022 വരെ | 40200/- |
| ആകെ | | | | | | 273000/- |

ഏതാനും രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തന്നെ വലിയ തുകയാണ് മരണാനന്തരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി കാണുവാൻ സാധിച്ചത്. മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുവാനുള്ള മേൽ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

2) ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ എസ്.എഫ്.സി.ബി1.71/2017/ധന തീയതി 22.09.2017 സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചിടത്തല്ലാതെയുള്ള പ്രാദേശിക സർക്കാരിൽ റിപ്പോർട്ടുചെയ്യപ്പെടുകയുമാണെങ്കിൽ ടിയാളുടെ മരണം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ പ്രസ്തുത പെൻഷൻ നിർത്തപ്പെടേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നെടുമ്പാശ്ശേരി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റു പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അക്കാര്യം അറിയിക്കാത്തതിനാൽ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചിട്ടുള്ള വ്യക്തികളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് പ്രസ്തുത പ്രാദേശിക സർക്കാരിനു കാലതാമസം നേരിടുകയോ/ ഒഴിവാക്കാതെ നിലനിൽക്കുയോ ചെയ്യുന്നു. ആയതിനാൽ മരണശേഷവും പെൻഷൻ തുക അക്കൌണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യപ്പെടുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം/നിലവിലെ അവസ്ഥ | പെൻഷൻ ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | പെൻഷൻ ലഭിച്ചു കൊണ്ടിരി ക്കുന്ന പ്രാദേശിക സർക്കാർ |
|---|---|---|---|---|---|---|---|
| 1 | അയ്യപ്പൻ നായർ | വാർദ്ധക്യ കാല പെൻഷൻ, ആക്ടീവ് | 106400201182 | 19.03.2020 | 04/2020 മുതൽ 05/2022 വരെ | 39000/- | കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് |
| 2 | കുട്ടി കുഞ്ഞികുറുമ്പൻ | കർഷക തൊഴിലാളി പെൻഷൻ, ആക്ടീവ് | 106350100205 | 03.03.2020 | 04/2020 മുതൽ 05/2022 വരെ | 39000/- | ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് |

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള

പക്ഷം അക്കാര്യം മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അറിയിക്കുന്നതിനായി പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/17.06.2022) ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ധനകാര്യ വകുപ്പിന്റെ 02.08.2021 ലെ സർക്കുലർ നം. 63/2021/ധന പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-26 തനത് ഫണ്ട് വരുമാനം - കാര്യക്ഷമമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വാർഷികധനകാര്യപ്പത്രികപ്രകാരം വിവിധ ബാങ്ക് അക്കൗണ്ടുകളിലായി 6,40,11,007/- രൂപ 31.03.2021 ൽ നീക്കിയിരുപ്പ് കാണുന്നു. ആയതിൽ നിന്ന് പ്രത്യേകാവശ്യഗ്രാന്റുകളും, മറ്റ് ബാദ്ധ്യതകളും കൃത്യമായി കണക്കാക്കി മിച്ചഫണ്ട് ദേശസാൽകൃതബാങ്കുകളിലോ, സഹകരണബാങ്കിലോ ഹ്രസ്വകാല/ ദീർഘകാലാ നിക്ഷേപങ്ങളാക്കിയാൽ അതിന്മേലുള്ള പലിശ വരുമാനം പഞ്ചായത്തിന് മുതൽക്കൂട്ടാവുന്നതാണ്.

1-27 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അപാകതകൾ

ഓരോ വർഷവും ലക്ഷക്കണക്കിന് രൂപയാണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വേണ്ടി പൈപ്പ് നീട്ടി ഇടുന്നതിനായി ചെലവഴിക്കുന്നത്. ചിലപ്പോൾ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ തന്നെ ഒരു വർഷം ഒന്നിൽ കൂടുതൽ പ്രൊജക്ട് പ്രകാരം പൈപ്പ് നീട്ടി ഇടുന്നുണ്ട്. (മേത്തൻ തുരുത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ഈ വർഷം രണ്ട് പ്രൊജക്ടുകൾ പ്രകാരം പൈപ്പ് നീട്ടുന്നതിന് തുക നൽകിയിട്ടുണ്ട്. കരിമ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ഈ വർഷം മൂന്ന് പ്രൊജക്ടുകൾ പ്രകാരം പൈപ്പ് നീട്ടുന്നതിന് തുക നൽകിയിട്ടുണ്ട്.) എന്നാൽ ഈ പൈപ്പ് ഇടുന്ന സ്ഥലം ഏതാണ് എന്നോ, അതായത് ഏത് റോഡിൽ അഥവാ ആരുടെ സ്ഥലത്താണ് എന്നോ, ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ലഭ്യമല്ല. മാത്രമല്ല ഓരോ വർഷവും ഇപ്രകാരമുള്ള പ്രവൃത്തി ചെയ്യുന്നതിനാൽ ഇത് ഏത് വർഷം ചെയ്തതാണ് എന്നും മനസിലാക്കാൻ കഴിയുന്നില്ല. ഓരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഇതുവരെ എവിടെയെല്ലാം പൈപ്പ് ഇട്ടിട്ടുണ്ട് എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ലഭ്യമല്ല. ആയതിനാൽ ഈ സ്ഥലങ്ങളിൽ തന്നെയാണോ വീണ്ടും പൈപ്പ് ഇടുന്നതായി കാണിക്കുന്നത് എന്നും വ്യക്തമല്ല.

ഈ വർഷം ചെയ്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നം | 335/20-21 |
| പ്രവൃത്തി | മേത്തൻ തുരുത്ത് ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് നീട്ടൽ |
| കരാറുകാരൻ | സനിൽ കുമാർ |
| DSR | 2016 ( Cost Index 39.89%) |
| എഗ്രിമെന്റ് | 42/AE/ 20-21 Dated 18-6-20 |
| എം ബുക്ക് | 63/20-21 |
| എസ്റ്റിമേറ്റ് | 1,00,000/- |
| ആകെ പ്രവൃത്തി | 99,606 (Bill No.331/23-10-20) |

ഈ പ്രവൃത്തിക്ക് 69.3 മീറ്റർ നീളത്തിൽ 160 Mm 6kgf/cm2 Pvc പൈപ്പ് ഇടുന്നതിന് ആകെ 99,606/- രൂപ നൽകിയിട്ടുണ്ട്.

പൈപ്പിന്റെ വില- Item Od 4879956/2019-20:- 69.3മീറ്റർ (160 Mm 6kgf/cm2 ) X 777.42/m = 53,875/- രൂപ

2.

| | |
|---|---|
| പ്രൊജക്ട് നം | 43/20-21 |
| പ്രവൃത്തി | ഗ്രാമീണ വായനശാലയുടെ എതിർവശം GSVLP സ്കൂളിന്റെ പടിഞ്ഞാറുഭാഗം ഇറിഗേഷൻ പൈപ്പ് നീട്ടൽ (വാർഡ് - |

| | |
|---|---|
| | 3) |
| DSR | 2016 ( Cost Index 39.89%) |
| കരാറുകാരൻ | സനിൽ കുമാർ |
| എം ബുക്ക് | 129/20-21 |
| Agreements | 124/19-20 Dtd 22-2-21 |
| എസ്റ്റിമേറ്റ് | 2,00,000/- |
| ആകെ പ്രവൃത്തി | 1,54,000/- (Bill No.600/19-2-21) |

ഈ പ്രവൃത്തിക്ക് 33.9 മീറ്റർ നീളത്തിൽ 160 Mm 10kgf/cm2 Pvc പൈപ്പ് ഇടുന്നതിനും 77.30 മീറ്റർ നീളത്തിൽ 160 Mm 6kgf/cm2 Pvc പൈപ്പ് ഇടുന്നതിനും ആകെ 1,54,786/- രൂപ നൽകിയിട്ടുണ്ട്.

പൈപ്പിന്റെ വില

Item No. Od929937/2020-21;- 33.9 മീറ്റർ (160 Mm 10kgf/cm2) X 1100.61/m2 = 37,310/-

Item No. 929939/2020-21 :- 77.30 മീറ്റർ (160 Mm 6kgf/cm2 ) X 777.42/m = 60,094/-

3

| | |
|---|---|
| പ്രൊജക്റ്റ് നം | 240/20-21 |
| പ്രവൃത്തി | കരിമ്പാടം ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ നീട്ടൽ (കുവ് പറമ്പ്, കാവുംഭാഗം) |
| DSR | 2016 ( Cost Index 39.89%) |
| കരാറുകാരൻ | സനിൽ കുമാർ |
| എം ബുക്ക് | 639/19-20 |
| Agreements | 105/19-20 Dtd 18-3-20 |
| എസ്റ്റിമേറ്റ് | 2,25,000/- |
| ആകെ പ്രവൃത്തി | 2,21,643 Bil No. 415/25-11-20 |

ഈ പ്രവൃത്തിക്ക് 160.70 മീറ്റർ നീളത്തിൽ 160 Mm 6kgf/cm2 Pvc പൈപ്പ് ഇടുന്നതിനും ആകെ 2,21,643/- രൂപ നൽകിയിട്ടുണ്ട്.

പൈപ്പിന്റെ വില

Item Od 394274/2019-20:- 160.70 മീറ്റർ (160 Mm 6kgf/cm2 ) X 1073.46/m = 1,72,505/- രൂപ

4

| | |
|---|---|
| പ്രൊജക്റ്റ് നം | 164/20-21 |
| പ്രവൃത്തി | ജീവൻ ധാരയുടെ പൈപ്പ് ലൈൻ വടക്ക് ഭാഗത്തേക്ക് നീട്ടൽ |
| DSR | 2016 ( Cost Index 39.89%) |
| കരാറുകാരൻ | സാമു പി വി |
| എം ബുക്ക് | 372/20-21 |
| Agreements | 68/AE/ 2020-21 Dated 22-10-20 |
| എസ്റ്റിമേറ്റ് | 1,75,000/- |
| ആകെ പ്രവൃത്തി | 1,46,305 Bil No. 664/8-3-21 |

ഈ പ്രവൃത്തിക്ക് 261.40മീറ്റർ നീളത്തിൽ 110 Mm 6kgf/cm2 Pvc പൈപ്പ് ഇടുന്നതിനും ആകെ 1,46,305 /- രൂപ നൽകിയിട്ടുണ്ട്.

പൈപ്പിന്റെ വില

Item 50.18.9.9.1 പ്രകാരം 261.40മീറ്റർ (110 Mm 6kgf/cm2 ) X 440.26/m = 1,15,084/- രൂപ

5

| | |
|---|---|
| പ്രൊജക്റ്റ് നം | 291/-21 |
| പ്രവൃത്തി | കരിമ്പാടം ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ നീട്ടൽ വാർഡ് - 2 |
| DSR | 2016 ( Cost Index 39.89%) |
| കരാറുകാരൻ | സനിൽ കുമാർ |

| | |
|---|---|
| എം ബുക്ക് | 531/20-21 |
| Agreements | 106/ae/19-20 Dtd 18/8/20 |
| എസ്റ്റിമേറ്റ് | 1,65,000/- |
| ആകെ പ്രവൃത്തി | 1,46,801 Bil No. 763/26-3-21 |

ഈ പ്രവൃത്തിക്ക് 69.10 മീറ്റർ നീളത്തിൽ 200mm 10kgf/cm2 Pvc പൈപ്പ് ഇടുന്നതിനും ടാങ്ക് നിർമ്മിച്ചതിനും ആകെ 1,46,801- രൂപ നൽകിയിട്ടുണ്ട്.

പൈപ്പിന്റെ വില

Item Od 417142//2019-20:- 69.10 മീറ്റർ (200 Mm 10kgf/cm2 ) X 1817.19/m = 1,25,,567/- രൂപ

6.

| | |
|---|---|
| പ്രൊജക്ട് നം | 293/20-21 |
| പ്രവൃത്തി | മേത്തൻ തുരുത്ത് ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് നീട്ടൽ |
| കരാറുകാരൻ | സനിൽ കുമാർ |
| DSR | 2016 ( Cost Index 39.89%) |
| എഗ്രിമെന്റ് | 107/AE/ 19-20 Dated 18-3-20 |
| എം ബുക്ക് | 61/20-21 |
| എസ്റ്റിമേറ്റ് | 1,00,000/- |
| ആകെ പ്രവൃത്തി | 99,722 (Bill No.394/11-11-20 |

ഈ പ്രവൃത്തിക്ക് 66.05 മീറ്റർ നീളത്തിൽ 160 Mm 6kgf/cm2 Pvc പൈപ്പ് ഇടുന്നതിന് ആകെ 99,722/- രൂപ നൽകിയിട്ടുണ്ട്.

പൈപ്പിന്റെ വില

Item Od 380277/2019-20:- 66.05മീറ്റർ (160 Mm 6kgf/cm2 ) X 777.42/m = 51,349/- രൂപ

7.

| | |
|---|---|
| പ്രൊജക്ട് നം | 316/21 |
| പ്രവൃത്തി | കുറുപ്പനയം ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് നീട്ടൽ |
| കരാറുകാരൻ | സനിൽ കുമാർ |
| DSR | 2016 ( Cost Index 39.89%) |
| എഗ്രിമെന്റ് | 48b/ae/19-20 Dated 13-7-20 |
| എം ബുക്ക് | 151/20-21 |
| എസ്റ്റിമേറ്റ് | 40,000/- |
| ആകെ പ്രവൃത്തി | 30,214 (Bill No.582/14-2-21 |

ഈ പ്രവൃത്തിക്ക് 30.50 മീറ്റർ നീളത്തിൽ 100 Mm 10kgf/cm2 Pvc പൈപ്പ് ഇടുന്നതിന് ആകെ 30,214/- രൂപ നൽകിയിട്ടുണ്ട്.

പൈപ്പിന്റെ വില

Item Od 255038/2019-20:- 30.50മീറ്റർ (110 Mm 10kgf/cm2 ) X 545.17/m = 16,627/- രൂപ

8

| | |
|---|---|
| പ്രൊജക്ട് നം | 37/-21 |
| പ്രവൃത്തി | കരിമ്പാടം ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ നീട്ടൽ വാർഡ് - 2 |
| DSR | 2016 ( Cost Index 39.89%) |
| കരാറുകാരൻ | സനിൽ കുമാർ |
| എം ബുക്ക് | 368/20-21 |
| Agreements | 106/ae/19-20 Dtd 18/8/20 |
| എസ്റ്റിമേറ്റ് | 5,55,000/- |
| ആകെ പ്രവൃത്തി | 4,79,585 Bill No. 703, Dated 17-3-21 |

ഈ പ്രവൃത്തിക്ക് 334.30 മീറ്റർ നീളത്തിൽ 160mm 6kgf/cm2 Pvc പൈപ്പ് ഇടുന്നതിന് ആകെ 4,79,585 /- നൽകിയിട്ടുണ്ട്.

പൈപ്പിന്റെ വില

Item Od 597584 / 20-21:- 334.30 മീറ്റർ (160mm 6kgf/cm2 ) X 938/m = 3,13,573/- രൂപ (Estimate Rate 1073.46/m)
ഓരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലും ഇതുവരെ എവിടെയെല്ലാം പൈപ്പ് ഇട്ടിട്ടുണ്ട് എന്നും ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. മാത്രമല്ല ഈ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെയും, ജില്ലാ പഞ്ചായത്തിന്റെയും ഫണ്ട് ഉപയോഗിച്ചും ചെയ്യുന്നുണ്ട്. ഒരേ ഗുണഭോക്തൃപ്രദേശത്ത് തന്നെ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് പ്രവൃത്തികൾ ചെയ്യുന്ന സാഹചര്യം പരിശോധിക്കേണ്ടതാണ്.

## 1-28 ലിഫ്റ്റ് ഇറിഗേഷൻ പൈപ്പിടുന്നതിനുള്ള കാന നിർമാണത്തിനും അത് ഫില്ലിംഗ് ചെയ്യുന്നതിനും അധിക തുക നല്കുന്നു

ലിഫ്റ്റ് ഇറിഗേഷന് വേണ്ടി പൈപ്പിന്റെ വിലയും അത് ഇടുന്നതിനു വേണ്ടിയുള്ള കാന നിർമാണത്തിനും ആ കാന ഫില്ലിംഗ് ചെയ്യുന്നതിനും എല്ലാം ഉൾപ്പടെയുള്ള ഡാറ്റ പ്രകാരമുള്ള നിരക്കാണ് നൽകുന്നത്. എന്നാൽ ചില പ്രവൃത്തികളിൽ ഇപ്രകാരമുള്ള നിരക്ക് നൽകുകയും അത് കൂടാതെ കാന നിർമ്മിക്കുന്നതിന് അധികമായി തുക നൽകുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. തനത് വർഷം മേത്തൻ ഉരുത്ത് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി രണ്ട് പ്രൊജക്ടായി ചെയ്തിരിക്കുന്നു. ആദ്യത്തെ പ്രൊജക്ടിൽ

പ്രൊജക്ട് 293/21 പ്രകാരം മേത്തൻഉരുത്ത് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 4 (Phase 1) പ്രവൃത്തിയിൽ ഐറ്റം നം. Od380277/2019-20 (Providing And PVC Pipes Including Joining Of Pipes With One Step Pvc Solvent Cement, Trenching , Refilling And Testing Of Joints Complete As Per Direction Of Engineer In Charge. 160 Mm Dia 6 Kgf/cm2) – Cost Index 39.89% പ്രകാരം പൈപ്പിന്റെ വിലയും അത് ഇടുന്നതിനു വേണ്ടിയുള്ള കാന നിർമാണത്തിനും ആ കാന ഫില്ലിംഗ് ചെയ്യുന്നതിനും എല്ലാം ഉൾപ്പടെ ഒരു മീറ്ററിന് 777.42/- രൂപയാണ് നൽകിയത്. ഇതു പോലെ മറ്റ് എല്ലാ വർക്കുകളിലും പൈപ്പിന്റേയും കാനയുടേയും ഒരുമിച്ചുള്ള നിരക്കാണ് നൽകിയിട്ടുള്ളത്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ കാന നിർമിക്കുന്നതിന് അധികമായി തുക നൽകിയിരിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 1335/20-21 |
| പ്രവൃത്തി | മേത്തൻഉരുത്ത് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 4 (Phase 1) |
| കരാറുകാരൻ | സനിൽ കുമാർ |
| എം ബുക്ക് | 63/20-21 |
| എസ്റ്റിമേറ്റ് | 1,00,000/- |
| ആകെ പ്രവൃത്തി | 99,606/- (Bill No. 331/23-10-20) |

ഈ പ്രവൃത്തിയിൽ ഐറ്റം നം. Od487956/2019-20 (Providing And PVC Pipes Including Joining Of Pipes With One Step Pvc Solvent Cement, Trenching , Refilling And Testing Of Joints Complete As Per Direction Of Engineer In Charge. 160 Mm Dia 6 Kgf/cm2) – Cost Index 39.89% പ്രകാരം പൈപ്പിന്റെ വിലയായി 69.30 M X 777.42/m = 53,875.21/- രൂപയും അത് കൂടാതെ ഐറ്റം നം 2.10.1.2 (Excavating Trenches ...... Exceeding 80 Mm Dia But Not Exceeding 300 Mm Dia) പ്രകാരം കാന നിർമിക്കുന്നതിന് 69.30m X 315/m = 21856/- രൂപയും നല്കിയിട്ടുണ്ട്.
ഇതിന് ഓഡിറ്റ് എൻക്വയറി(നം.23 തീയതി 16.06.2022) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയത് പരിശോധിച്ച് അധികനിരക്ക് നല്കിയിട്ടുണ്ടെങ്കിൽ കരാറുകാരിൽ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 അധികം കമ്പി ഉപയോഗിച്ചത്- വിശദീകരണം നൽകണം.

താഴെ പറയുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റിനേക്കാൾ അധികം കമ്പി ഉപയോഗിച്ചിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നം | 196/21 |
| പ്രവൃത്തി | ശാസ്താവ് റോഡ് കാന നിർമാണം |
| കരാറുകാരൻ | പി വി പൗലോസ് |
| എം ബുക്ക് | 432/19-20 |
| എസ്റ്റിമേറ്റ് | 1,60,000/- |
| ആകെ പ്രവൃത്തി | 1,28,412/- (Bill 120/ 11-2-21 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കാനയുടെ കവറിംഗ് സ്ലാബ് പണിയുന്നത് (Item No. 5.1.2)

50 Nosx 0.70 Mx 0.80m X 0.12m = 3.360m3

40nosx 0.80 Mx 0.80m X 0.12m = 3.0723m3

ആകെ 6.432 M3

ഇതിന് ആവശ്യമായ കമ്പിയുടെ അളവ് കണക്കാക്കിയത്

6.50 M3 X 120 Kg/m3 = 780 Kg ആണ്.

ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം കവറിംഗ് സ്ലാബ് പണിതത്

109 Nosx 0.80 Mx 0.60m X 0.12m = 6.28m3

ഇതിന് ആവശ്യമായ കമ്പിയുടെ അളവ് കണക്കാക്കി തുക നൽകിയത് (Item No.5.22.6)

839.94kg X 79.18/kg = 66506/- രൂപ

അതായത് ഒരു എം3 കോൺക്രീറ്റിംഗിന് 133.75 Kg കമ്പി ഉപയോഗിച്ചിരിക്കുന്നു. ഇത്രയും അധികം കമ്പി ഉപയോഗിച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.
ഇപ്രകാരം അധികം കമ്പി ഉപയോഗിച്ചതു മൂലം കരാറുകാരന് അധികം തുക നല്കിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 വി ഇ ഒ നടപ്പാക്കിയ പദ്ധതിയിലെ അപാകതകൾ

വി ഇ ഒ നിർവഹണോദ്യോഗസ്ഥനായി വീട് വാസയോഗ്യമാക്കൽ എന്ന പ്രവൃത്തികൾക്കായി 2020-21 വർഷം താഴെചേർത്ത പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതാണ്.
1)പ്രോജക്റ്റ് നം So243/21, വീട് വാസയോഗ്യമാക്കൽ- ( അടങ്കൽ, തനത് ഫണ്ട്-400000/- ;ചെലവ്, തനത് ഫണ്ട്-400000/-)
2)പ്രോജക്റ്റ് നം 85/21വീട് വാസയോഗ്യമാക്കൽ- പട്ടികജാതി (അടങ്കൽ എസ് സി പി-2875416/- ;ചെലവ്, എസ് സി പി-1200000/-)
C)പ്രോജക്റ്റ് നം SO206/21, വീട് വാസയോഗ്യമാക്കൽ- പട്ടികജാതി(അടങ്കൽ എസ് സി പി -675000/- ;ചെലവ്, എസ് സി പി-675000/-)
D)പ്രോജക്റ്റ് നം 92/21വീട് വാസയോഗ്യമാക്കൽ- (അടങ്കൽ -വികസന ഫണ്ട് 1197650/-, തനത് ഫണ്ട്-702350/- ;ചെലവ്, വികസന ഫണ്ട് -950000/-)
വീട് വാസയോഗ്യമാക്കൽ പദ്ധതികൾക്കായുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കി എൽ എസ് ജി ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമാണ് സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. .
എന്നാൽ മേൽ പദ്ധതികൾക്കായി ഉടമസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. പൂർത്തീകരിച്ച പണിയുടെ വാല്വേഷൻ ഓവർസീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് എങ്കിലും ഇത്തരത്തിൽ തുക അനുവദിച്ചതുമൂലം യഥാർത്ഥത്തിൽ ആവശ്യമായിരുന്ന പ്രവൃത്തിയാണോ നടത്തിയിട്ടുള്ളതെന്നും ഉറപ്പാക്കാനാകുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 16-6-22ലെ ഓഡിറ്റ് എൻക്വയറി നം 15 നുള്ള മറുപടിയിൽ നേരിൽ പരിശോധിച്ച് അർഹരായവർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നാണ് അറിയിച്ചത്. പദ്ധതി നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

## 1-31 ചെലവ് രേഖകൾ ഹാജരാക്കിയില്ല.

കൃഷി ഓഫീസർ 2020-21 വർഷം നടപ്പിലാക്കിയ തരിശ് പച്ചക്കറി വികസനം (പ്രോജക്റ്റ് നം-264/2021, അടങ്കൽ-120000/-, ചെലവ്- 43660/-) എന്ന പദ്ധതി പ്രകാരം വിവിധ ഗുണഭോക്താക്കൾക്ക് 43660/-രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും അപേക്ഷകളും അനുബന്ധരേഖകളും ലഭ്യമാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-6-22ലെ ഓഡിറ്റ് എൻക്വയറി നം 29നുള്ള മറുപടിയിൽ രേഖകളും ലഭ്യമാക്കുന്നതിന് ചുമതലയുണ്ടായിരുന്ന കൃഷി ഓഫീസറെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചു.
അപേക്ഷകളും അനുബന്ധരേഖകളും ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 43660/-രൂപ (ചെക്ക് 1066951 തീ 13-1-21)ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-32 തൊഴിലുറപ്പ് പദ്ധതി - കരാറുകാരനിൽ നിന്ന് ജി.എസ്.ടി.- ടി.ഡി.എസ്. കുറവു ചെയ്തില്ല.

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് മെറ്റീരിയലും സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകളും സപ്ലൈ ചെയ്യുന്നതിനായി കരാറുകാരുമായി റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ളതായും തൻവർഷം ചെലവായ തുകയിൽ 23.99 ലക്ഷം രൂപ /- ഈ ഇനങ്ങളിൽ ചെലവായിട്ടുള്ളതായും കാണുന്നു.

കോൺട്രാക്ടർമാർക്ക് നൽകിയ തുകയുടെ വിശദാംശങ്ങളും ജി എസ് ടി കുറവു ചെയ്തിട്ടുണ്ട് എങ്കിൽ അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകണ്ട് നൽകിയ 15-6-22ലെ ഓഡിറ്റ് എന്ക്വയറി നം 16 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ശ്രീ ദേവസ്സികുട്ടി കെ ഡി എന്ന കരാറുകാരന് തൻവർഷം ഈ ഇനത്തിൽ 1274066/- രൂപ നൽകിയിട്ടുള്ളതായും ജി എസ് ടി ഇനത്തിൽ കറവുചെയ്യേണ്ട തുക ഈടാക്കി അറിയിക്കുന്നതാണ് എന്നും അറിയിച്ചു.

കരാറുകാരനിൽ നിന്ന് 1274066/- രൂപയുടെ 2% ആയ 25481/- രൂപ ജി എസ് ടി- ടി ഡി എസ് ഇനത്തിൽ ഈടാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്.

## 1-33 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O(Rt) No.288/14/I&PRD Dated 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. വൗച്ചർ നമ്പർ 22000770/05.03.21 പ്രകാരം മാതൃഭൂമിയിൽ പരസ്യം ചെയ്തതിന് പഞ്ചായത്തിന് ₹7831/- ചെലവായിട്ടുണ്ട്. എന്നാൽ മാതൃഭൂമിയിൽ നിന്ന് ലഭ്യമായ ബിൽ നമ്പർ 321000090452/8.2.21 പ്രകാരം പരസ്യ ചാർജിന് ഡിസ്കൗണ്ട് ലഭ്യമായില്ല. പത്രത്തിൽ പരസ്യം നൽകുന്ന അവസരത്തിൽ അർഹതപ്പെട്ട ആനുകൂല്യം നേടിയെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-34 തരിശ് നെൽകൃഷിവികസനം-പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ

കൃഷി ഓഫീസർ 2020-21 വർഷം നടപ്പിലാക്കിയ തരിശ് നെൽകൃഷിവികസനം (പ്രോജക്റ്റ് നം-263/2021- അടങ്കൽ-693760/-, ചെലവ്- 392680/-), എന്ന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെചേർത്ത അപാകതകൾ കാണുന്നു.

1.കൃഷി ചെയ്തിരിക്കുന്നത് മൂന്നുവർഷത്തിൽ അധികമായി കാർഷിക പ്രവൃത്തികൾ ചെയ്യാത്ത തരിശ് ഭൂമിയാണ് എന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്.

2. തരിശ് നെൽകൃഷിവികസനം പദ്ധതിയുടെ നടത്തിപ്പിലേക്കായി 50760/- രൂപയുടെ നെൽവിത്തുകൾ വാങ്ങിയിട്ടുണ്ട് എങ്കിലും കൃഷിചെയ്തതായി ബോധ്യപ്പെട്ട ഗുണഭോക്താക്കൾക്ക് ചെലവ് ചെയ്ത തുകയായി 250600/ രൂപ അനുവദിച്ചതിന് ശേഷമാണ് നെൽവിത്തുകൾ ലഭ്യമായിരിക്കുന്നതും വിതരണം ചെയ്തിരിക്കുന്നതും. മറ്റ് പദ്ധതികൾ പ്രകാരം മുൻപേ ഇറക്കിയവിത്തുകൾ നൽകിയതുമൂലമാണ് ഇത്തരത്തിൽ സംഭവിച്ചത് എന്നാണ് അറിയിച്ചത്. പദ്ധതി നടത്തിപ്പിന് ഉതകും വിധം കൃത്യ സമയത്തും ആവശ്യമായ അളവിലും മാത്രം നെൽവിത്തുകൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3.കർഷകർ ചെയ്ത യഥാർത്ഥ പ്രവൃത്തികളുടെ വിശദാംശങ്ങളും ചെലവുതുകയും അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ല. അപേക്ഷയിൽ എല്ലാവിവരങ്ങളും ചേർക്കുന്നുണ്ട് എന്ന് ഉറപ്പവരുത്തേണ്ടതാണ്.

4.വിത്തുകൾ വിതണം ചെയ്ത സ്റ്റോക് രജിസ്റ്റർ കൃഷി ഓഫീസർ പരിശോധിച്ച് കൃത്യത ഉറപ്പാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക് രജിസ്റ്റർ കൃത്യമായി പരിപാലിച്ച് അറിയിക്കേണ്ടതാണ്.

5.തൻവർഷം നാമമാത്ര കർഷകരുടെ ഭൂവികസനത്തിനായി 130 പദ്ധതികളിലൂടെ ഏകദേശം 152 ലക്ഷത്തോളം രൂപ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ചെലവാക്കിയിട്ടുള്ളതായി കാണുന്നു. ഇത് എത്രമാത്രം കാർഷിക വികസനത്തിന് ഉപയോഗപ്പെടുന്നുണ്ട് എന്നതിന് വ്യക്തതയില്ല. തൻവർഷം കൃഷി ഓഫീസർ നടപ്പിലാക്കിയ യാതൊരു പദ്ധതികളിലും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി നാമമാത്ര കർഷകരുടെ ഭൂവികസനത്തിനായി തുക ചെലവഴിച്ചിട്ടില്ല എന്ന് കൃഷി ഓഫീസർ അറിയിക്കുകയുണ്ടായി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് നിർദേശിച്ചിട്ടുള്ളതാണ്. കാർഷിക വികസനത്തിന് പ്രയോജനപ്പെടും വിധം തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം കൂടി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-6-22ലെ ഓഡിറ്റ് എൻക്വയറി നം 29നുള്ള മറുപടിയിൽ ക്രമ നം 2, 3, അപാകതകൾക്ക് ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്നും ക്രമ നം 1, 4 അപാകതകൾക്ക് ചുമതലയുണ്ടായിരുന്ന കൃഷി ഓഫീസറെ അറിയിക്കുന്നതാണ് എന്നും അറിയിച്ചു.

ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അപാകതകൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-35 കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

താഴെ പറയുന്ന പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് (അക്കൌണ്ട് നം. 3624001800000019) തുക നൽകിയിട്ടുണ്ട്.

പ്രൊജക്റ്റ് നം. 71, ആരോഗ്യ പരിരക്ഷ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി എച്ച് സി)

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | റിക്വിസിഷൻ നം./തീയതി |
|---|---|---|
| PRF6563/24.03.2021 | 119918 | 1200062/25.03.2021 |

മേൽ പ്രൊജക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എലിന് തുക നൽകിയിട്ടുണ്ട്. എന്നാൽ കെ.എം.എസ്.സി.എലിൽ നിന്നും മരുന്ന് ലഭിച്ചതിന്റെ ബാച്ച് നം., എക്സ്പെയറി ഡേറ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/14.06.2022) മരുന്നുകൾ ലഭ്യമാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ/സാധനങ്ങൾ ലഭ്യമായതിന്റെ ഒറിജിനൽ ഇൻവോയ്സുകൾ, മരുന്ന് സ്റ്റോക്കിലെടുത്തിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ഈ ഇനത്തിലുള്ള 119918/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ലാപ്ടോപ്പുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

പ്രൊജക്റ്റ് നം. 7, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ - 570000/- രൂപ (വികസന ഫണ്ട്)

ചെലവ് - 563300/- രൂപ (ബിൽ നം. 24/26.03.2021)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ എസ്.സി വിദ്യാർത്ഥികൾക്ക് പഠന സഹായത്തിനായി ലാപ്ടോപ്പ് നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം.

കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം (നം. 22386/20-21/26.02.2021) 20 ലാപ്ടോപ്പുകളുടെ വിലയായ 563300/- രൂപ കേരള സംസ്ഥാന ഐ ടി മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (ടി എസ് ബി നം. 799011400003959) മാറി നൽകിയിട്ടുണ്ട്. എന്നാൽ 20 ലാപ്ടോപ്പുകൾ എയ്സർ ഇന്ത്യ (പ്രൈ.) ലിമിറ്റഡിന്റെ ടാക്സ് ഇൻവോയ്സ് (നം. PYSI21028241/09.06.2021) പ്രകാരം സെപ്റ്റംബർ 2021 നാണ് ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

18 ഗുണഭോക്താകളുടെ അപേക്ഷകളും അനുബന്ധ രേഖകളും അവർക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തതായുള്ള വിവരങ്ങളുമാണ് ഫയലിലുള്ളത്. ബാക്കി 2 ലാപ്ടോപ്പുകൾ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും പ്രസ്തുത ഗുണഭോക്താകളുടെ അപേക്ഷയും അർഹതാ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/17.06.2022 ) മറുപടി നൽകിയിട്ടില്ല.

2 ലാപ്ടോപ്പുകൾ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും പ്രസ്തുത ഗുണഭോക്താകളുടെ അപേക്ഷയും അർഹതാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിലുള്ള 56330/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 എസ് സി വിഭാഗത്തിന് പുതിയ തുറന്ന കുടിവെള്ള കിണർ - സബ്സിഡി മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | 5, കുടിവെള്ള കിണർ (എസ് സി) | 260000 | 40000 | 21/12.11.2020 & 23/13.03.2021 |
| 2 | 253, എസ് സി വിഭാഗത്തിന് പുതിയ തുറന്ന കുടിവെള്ള കിണർ (സ്പിൽ ഓവർ) | 60000 | 20000 | 05/19.06.2020 |

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

എസ് സി വിഭാഗത്തിന് പുതിയ തുറന്ന കുടിവെള്ള കിണർ നിർമ്മിച്ച് നൽകലാണ് പദ്ധതി ലക്ഷ്യം. മേൽ പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ക്രമ നം. 2 ലെ ബിൽ പ്രകാരം ശാരദ അയ്യപ്പൻകുട്ടി (അക്കൗണ്ട് നം. 32358122753, SBI) എന്ന ഗുണഭോക്താവിനാണ് തുക മാറി നൽകിയിരിക്കുന്നത്. എന്നാൽ മല്ലിക ലക്ഷ്മണൻ എന്ന ഗുണഭോക്താവിന്റെ അപേക്ഷ, അർഹതാ രേഖകളാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ശാരദ അയ്യപ്പൻകുട്ടിയുടെ അപേക്ഷ, അർഹതാ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ബി) സബ്സിഡി മാർഗ രേഖ പ്രകാരം ഇത്തരം പദ്ധതി നടപ്പാക്കുമ്പോൾ പൊതു കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലെന്ന് ഉറപ്പ് വരുത്തണമെന്നും മഴ വെള്ളം റീച്ചാർജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ട് നം. 5, കുടിവെള്ള കിണർ (എസ് സി), പ്രൊജക്ട് നം. 253, എസ് സി വിഭാഗത്തിന് പുതിയ തുറന്ന കുടിവെള്ള കിണർ (സ്പിൽ ഓവർ) എന്നി പദ്ധതികളുടെ നടത്തിപ്പിൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/17.06.2022 ) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ശാരദ അയ്യപ്പൻകുട്ടിയുടെ അപേക്ഷ, അർഹതാ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിലുള്ള 20000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. പദ്ധതി നടത്തിപ്പിൽ സബ്സിഡി മാർഗ രേഖിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-38 വാട്ടർ കണക്ഷൻ (എസ് സി - സ്പിൽ ഓവർ) - ബിൽ കോപ്പി, അർഹതാ രേഖകൾ സൂക്ഷിച്ചിട്ടില്ല

പ്രൊജക്ട് നം. 385, വാട്ടർ കണക്ഷൻ (എസ് സി) - സ്പിൽ ഓവർ

അടങ്കൽ - 24000/- രൂപ (വികസന ഫണ്ട്)

ചെലവ് - 24000/- രൂപ (ബിൽ നം. 10/08.09.2020, തുക - 12000 & 14/20.10.2020, തുക – 12000)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബിൽ നം. 10/08.09.2020 അനുസരിച്ച് ഭവാനി, മാപ്പിരിയാടം വീട് (കൺസ്യൂമർ നം. NED/1987/D), കുട്ടി ആശാരിപ്പറമ്പിൽ വീട് (കൺസ്യൂമർ നം. NED/1970/D) എന്നീ ഗുണഭോക്താകൾക്ക് 6000/- രൂപ വീതം വാട്ടർ കണക്ഷൻ ചാർജായി നൽകിയിട്ടുണ്ട്. എന്നാൽ ബിൽ നം. 14/20.10.2020 പ്രകാരമുള്ള 12000/- രൂപയുടെ ബില്ലിന്റെ കോപ്പി, തുക നൽകിയ ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36/17.06.2022) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ബിൽ നം. 14/20.10.2020 പ്രകാരമുള്ള 12000/- രൂപയുടെ ബില്ലിന്റെ കോപ്പി, തുക നൽകിയ ഗുണഭോക്താകളുടെ അപേക്ഷ, അർഹതാ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിലുള്ള 12000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-39 തൊഴിലുറപ്പ് തൊഴിലാളികൾക്ക് കാലുറ, ഫസ്റ്റ് എയ്ഡ് കിറ്റ്, ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകൽ (സ്പിൽ ഓവർ) - വിതരണ വിവരം ലഭ്യമല്ല

പ്രൊജക്ട് നം. 269, തൊഴിലുറപ്പ് തൊഴിലാളികൾക്ക് കാലുറ, ഫസ്റ്റ് എയ്ഡ് കിറ്റ്, ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകൽ (സ്പിൽ ഓവർ)

അടങ്കൽ - 333018/- രൂപ (തനത് ഫണ്ട്)

ചെലവ് - 333000/- രൂപ (റിക്വിസിഷൻ നം. 1200026/29.09.2020)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 700 ആക്ടീവ് തൊഴിലുറപ്പ് തൊഴിലാളികളുടെ സുരക്ഷ മുൻനിറുത്തി കാലുറ, കൈയ്യുറ, ഓരോ വർഡിലേക്കും ആവശ്യമായ ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ വാങ്ങി നൽകലാണ് പദ്ധതി ലക്ഷ്യം. ഇതിനായി തൻവർഷം തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആവശ്യമായ 668 ഗംബൂട്ടുകളുടെ തുകയായ 333000/- രൂപ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് പ്രൊഫോർമ ഇൻവോയ്സ് (നം. 32/20-21/23.06.2020) മാറി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) 668 ഗംബൂട്ടുകൾ ലഭിച്ചതിന്റെ ഒറിജിനൽ ഇൻവോയ്സും ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റേയും രേഖകൾ ഫയലിൽ ലഭ്യമല്ല.

ബി) മേൽ പദ്ധതിക്കായി ആകെ 449982/- രൂപ (116982 (2019-20) + 333000 (2020-21)) ചെലവായിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളുടെ സുരക്ഷക്കായി വാങ്ങിയ ഉപകരണങ്ങളായതിനാൽ പ്രസ്തുത തുക എം ജി എൻ ആർ ജി എസ് ഫണ്ടിൽ നിന്നും തിരികെ ഈടാക്കിയതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/17.06.2022 ) മറുപടി നൽകിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. 668 ഗംബൂട്ടുകൾ ലഭിച്ചതിന്റെ ഒറിജിനൽ ഇൻവോയ്സും ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ ഈ ഇനത്തിലുള്ള 333000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. തൊഴിലുറപ്പ് തൊഴിലാളികളുടെ സുരക്ഷക്കായി വാങ്ങിയ ഉപകരണങ്ങളായതിനാൽ പ്രസ്തുത തുക എം ജി എൻ ആർ ജി എസ് ഫണ്ടിൽ നിന്നും തിരികെ ഈടാക്കുവാനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-40 ഹിന്ദി പഠന ക്ലാസ് - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം. 246, ഹിന്ദി പഠന ക്ലാസ് (സ്പിൽ ഓവർ)

അടങ്കൽ - 100000/- രൂപ (തനത് ഫണ്ട്)

ചെലവ് - 98898/- രൂപ (റിക്വിസിഷൻ നം. 1200002/24.08.2020)

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്. എം.

ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ഹിന്ദി ഭാഷയിൽ പ്രാവീണ്യം നൽകുകയെന്ന ലക്ഷ്യത്തോടെ 2019-20 ൽ ആവിഷ്കരിച്ച പദ്ധതിയാണിത്. ഈ പദ്ധതിയുടെ അനുബന്ധ ചെലവുകൾ സ്പിൽ ഓവർ പദ്ധതിയായി തൻവർഷം നൽകിയിട്ടുണ്ട്.

ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭ (കേരളം), എറണാകുളം കേന്ദ്രം കൊച്ചി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ട്രെയിനിംഗ് എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ ജയ് ഹിന്ദി എന്ന പേരിൽ സ്പോക്കൺ ഹിന്ദി ക്ലാസുകൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്. മുൻവർഷം ബാക്കി നിൽക്കുന്ന 17000/- രൂപയും ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭയുടെ ഇൻവോയ്സ് (നം. 16/12.03.2020) പ്രകാരമുള്ള 81898/- രൂപയും ഉൾപ്പെടെയുള്ള 98898/- രൂപ തൻവർഷം പദ്ധതിക്കായി ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒക്ടോബർ 2019 മുതൽ മാർച്ച് 2020 വരെയുള്ള കാലയളവിൽ ആകെ 38 ദിവസത്തെ സ്പോക്കൺ ഹിന്ദി ക്ലാസുകളാണ് നടന്നിട്ടുള്ളത്. ഹാജർ രജിസ്റ്റർ പ്രകാരമുള്ള ഹാജർ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം/വർഷം | ക്ലാസ് നടന്ന ദിവസങ്ങളുടെ എണ്ണം | പങ്കെടുത്ത പഠിതാക്കളുടെ എണ്ണം |
|---|---|---|---|
| 1 | 10/2019 | 6 | 40 |

| | | | |
|---|---|---|---|
| 2 | 11/2019 | 6 | 34 |
| 3 | 12/2019 | 8 | 30 |
| 4 | 01/2020 | 8 | 26 |
| 5 | 02/2020 | 8 | 26 |
| 6 | 03/2020 | 2 | 19 |
| ആകെ ക്ലാസ് നടന്ന ദിവസങ്ങളുടെ എണ്ണം | | 38 | |

38 ദിവസത്തെ സ്പോക്കൺ ഹിന്ദി ക്ലാസുകളുടെ നടത്തിപ്പിനായി ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭയ്ക്ക് ഇൻവോയ്സുകൾ പ്രകാരം 2019-20, 2020-21 വർഷങ്ങളിലായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | ചെലവ് ഇനം | ചെലവ് തുക |
|---|---|---|---|
| 1 | 11/05.02.2020 | Course Methode Preparation | 4000 |
| | | Syllabus Preparation | 10000 |
| | | Writing Pads, Folders, Register, Pens Etc | 3724 |
| | | Printing, Photostat Etc | 4186 |
| | | Teachers Training Expenses | 10000 |
| | | Super Vision Charges, Senior Faculty Visits, Co-ordinator Expenses | 15000 |
| | | Spoken Hindi Course Registration & Admission Fees | 40000 |
| | | Local Expenses & Phone Expenses | 1200 |
| | | Teachers Salary Expenses | 14000 |
| | | Supporting Staff Remuneration | 8200 |
| | | Travel, Food, Fuel And Other Allowance (Teacher, Staff, Management Etc) | 6725 |

| | | | |
|---|---|---|---|
| | | ആകെ ചെലവ് | 117035 |
| 2 | 16/12.03.2020 | Printing, Photostat Etc | 2400 |
| | | Super Vision Charges, Senior Faculty Visits, Co-ordinator Expenses | 15000 |
| | | Implementaition Charges, Office Expense And Overheads | 40000 |
| | | Evaluation And Certificate Preparation Expenses | 5000 |
| | | Local Expenses & Phone Expenses | 800 |
| | | Teachers Salary Expenses | 10000 |
| | | Supporting Staff Remuneration | 7200 |
| | | Travel, Food, Fuel And Other Allowance (Teacher, Staff, Management Etc) | 4498 |
| | | ആകെ ചെലവ് | 81898 |
| പദ്ധതി പ്രകാരമുള്ള ആകെ ചെലവ് | | | 198933/- രൂപ |

198933/- രൂപ ചെലവ് ചെയ്ത് നടത്തിയ സ്പോക്കൺ ഹിന്ദി ക്ലാസിൽ പഠിതാക്കളെ കൃത്യമായി പങ്കെടുപ്പിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മാത്രമല്ല ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭ നൽകിയ ഇൻവോയ്സുകൾ പ്രകാരം പറഞ്ഞിട്ടുള്ള വിവിധ ഇനത്തിലുള്ള ചെലവുകൾ യഥാർത്ഥത്തിൽ നടന്നതാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താതെ തുക നൽകിയിരിക്കുന്നു.

2. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലുള്ള ഒരു മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല.

3. സിലബസ്, പഠിതാക്കൾക്ക് നൽകിയ പഠന സാമഗ്രികൾ, ഒരാൾക്കുള്ള രജിസ്ട്രേഷൻ ഫീസ് തുക, പഠിതാക്കൾക്ക് ഉണ്ടായ ഗുണം, എത്ര പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു തുടങ്ങി പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുവാനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/15.06.2022) പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് നടപ്പാക്കിയ പദ്ധതിയാണെന്നും കൊറോണ വ്യാപനം മൂലം പഞ്ചായത്ത് ഹാളിൽ വെച്ച് നടന്ന പഠന ക്ലാസുകളുടെ പരീക്ഷ നടത്തിപ്പ്, സർട്ടിഫിക്കറ്റ് വിതരണം എന്നിവ കാര്യക്ഷമമായി നടന്നോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ലെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്ത് പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള യഥാർത്ഥ ചെലവുകൾക്ക് മാത്രം തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-41 10, 12 ക്ലാസുകളിലേക്കുള്ള തുല്യതാ പരിശീലനം - ആവശ്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്

പ്രൊജക്ട് നം. 62, 10, 12 ക്ലാസുകളിലേക്കുള്ള തുല്യതാ പരിശീലനം

അടങ്കൽ - 150000/- രൂപ (തനത് ഫണ്ട്)

ചെലവ് - 116450/- രൂപ (റിക്വിസിഷൻ നം. 1200004/29.03.2021)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പത്താം തരം, ഹയർ സെക്കൻഡറി എന്നീ തുല്യതാ പരീക്ഷകൾക്ക് പഞ്ചായത്തിൽ നിന്നും രജിസ്റ്റർ ചെയ്തവർക്കുള്ള ഫീസ് അടവാക്കുന്നതിനുള്ള പദ്ധതിയാണിത്.

ജില്ലാ സാക്ഷരാതാ മിഷൻ അതോരിറ്റിയുടെ എറണാകുളം ജില്ലാ കോ-ഓർഡിനേറ്ററുടെ 25.03.2021 ലെ കത്ത് നം. ജി സാ.മി./എ1 /പി1/21 പ്രകാരം കോഴ്സ് ഫീസ് നൽകിയിട്ടുണ്ട്.

| | വിദ്യാർത്ഥികളുടെ എണ്ണം | | | ഫീസ് വിവരം | | ആകെ തുക |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി | ആകെ | ജനറൽ | എസ്.സി | |
| പത്താം തരം | 13 | 1 | 14 | 13 X 1850 | 1X 100 | 24150 |
| പ്ലസ് വൺ | 24 | 8 | 32 | 24X 2500 | 8X 300 | 62400 |
| പ്ലസ് ടു | 13 | 0 | 13 | 13X 2300 | - | 29900 |
| ആകെ | 50 | 9 | 59 | | | 116450 |

സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 59 പഠിതാക്കളുടെയും പേര്, അഡ്രസ്, ഫോൺ നം. എന്നീ അടിസ്ഥാന വിവരങ്ങളുടെ രേഖകൾ, പഠിതാക്കൾ പഠനം പൂർത്തിയാക്കി പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ടെന്ന് എന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/15.06.2022) അപേക്ഷകരുടെ മുഴുവൻ രജിസ്ട്രേഷൻ ഫോമുകളും പരിശോധനയ്ക്ക് നൽകുന്നതാണെന്നും പരീക്ഷ തീയതി സാക്ഷരതാ മിഷനിൽ നിന്നും അറിയിച്ചിട്ടില്ലെന്നും പരീക്ഷ നടക്കുന്ന മുറയ്ക്ക് ഹാൾ ടിക്കറ്റിന്റെ കോപ്പിയും പരിശോധനയ്ക്ക് നൽകുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2020-21 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 44097 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (പ്രൊ.നം. S012/21) | 44097 | 0 |
| | 2020-21 | 26930 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രൊ.നം. S099/21) | 26930 | 0 |
| | 2020-21 | 282807 | ലൈഫ് ഭവനപദ്ധതി - ഭൂരഹിത- ഭവനരഹിതർക്ക് സഹായം (പ്രൊ.നം. S089/21) | 282807 | 0 |
| | | | ആകെ | 353834 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (പ്രൊ.നം. S012/21) | 150000 | 0 |
| | 2020-21 | 320000 | ലൈഫ് ഭവനപദ്ധതി - ഭൂരഹിത- ഭവനരഹിതർക്ക് സഹായം (പ്രൊ.നം. S089/21) | 320000 | 0 |
| | 2020-21 | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രൊ.നം. S099/21) | 150000 | 0 |
| | | | ആകെ | 620000 | |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്റ്റുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ 01.04.2020ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2021ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | മുൻവർഷങ്ങളിലെ മുന്നിരുപ്പ് | 2020-21 വരവ് | | | ആകെ വരവ് ( OB+ RTS) | ചെലവ് | | | ആകെ ചെലവ് | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | RP-31 | RP-7 | ആകെ വരവ് | | TSB A/C ൽ നിന്ന് ചെലവഴിച്ചത് | നേരിട്ട് ചെലവഴിച്ചത് RP-7 | ആകെ ചെലവ് | | അക്കൗണ്ടിൽ നിന്ന് ചെലവഴിച്ചതിൽ ബാക്കി B4 ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവഴിച്ചത് ബാക്കി |
| ബ്ലോക്ക് പഞ്ചായത്ത് (Capital) 320 700 104 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| ജില്ലാ പഞ്ചായത്ത് (Capital) 320 700 105 | 1923414 | 0 | 353834 | 0 | 2277248 | 1240307 | 353834 | 1594141 | 1594141 | 683107 | 0 |
| ബ്ലോക്ക് | 2672447 | 0 | 620000 | 620000 | 3292447 | 0 | 620000 | 620000 | 620000 | 2672447 | 0 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് (Revenue) 320 700 204 | | | | | | | | | | | |
| ജില്ലാ പഞ്ചായത്ത് (Revenue) 320 700 205 | 150000 | 0 | 353834 | 353834 | 503834 | 0 | 353834 | 353834 | 353834 | 150000 | 0 |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച ഫണ്ടിൽ യഥാക്രമം 8333107/-രൂപയും ,2672447/- രൂപയും നീക്കിയിരുപ്പുണ്ട്. ഈ തുക ഏത് സ്കീമുകൾക്ക് വേണ്ടി ലഭിച്ചുവോ ടി ആവശ്യത്തിന് തന്നെ ഉപയോഗിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | മൂഴിയിൽ കണ്ടേലി സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ S170/21 | 22000200 18/05/2020 | 140998 | 140998 | 0 |
| | വിവിധ വാർഡുകളിൽലൈൻ ദീർഘിപ്പിക്കൽ- പ്രൊജക്ട് നം. S209/21 | 69712/- Try Bill No 03/20-21 19/05/2020 56312/- Try Bill No 04/20-21 19/05/2020 | 126024 | 0 | 126024 |
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ & പോസ്റ്റ് മാറ്റൽ പ്രൊജക്ട് നം. S030/21 | 69018/- Try Bill No 12/20-21 10/07/2020 273776/- 330/20-21 To 337/20-21 Dtd 23/10/2020 | 342794 | 10620 | 332174 |
| | ആകെ | | 609816 | 151618 | 458198 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- പ്രൊജക്ട് നം. S25/21 | 6000/- Try Bill No 75/20-21 15/05/2020 | 6000 | 0 | 6000 |
| | ആകെ | | 6000 | 0 | 6000 |

വാർഷിക ധനകാര്യപ്പത്രികയിൽ കേരള വാട്ടർ അതോറിട്ടിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക 6000/- രൂപയും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 609816/- രൂപയിൽ 195042/- കിഴിച്ച് 414774/- രൂപയും റസീപ്റ്റ് & പേമെന്റിലെ RP-49- Loans, Advances & Deposits എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ബാദ്ധ്യതയായി ചേർത്തിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16532/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 3-1 | 10168 | ശ്രീമതി സീജ കെ.കെ അസി.എഞ്ചിനീയർ | 120280100845/ 18.06.2020 |
| „ | 3-3 | 6364 | ശ്രീമതി സീജ കെ.കെ അസി.എഞ്ചിനീയർ | 120280100559/ 05.06.2020 |
| ആകെ | | 16532/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 2 (15) | 2006-07 | 3.39 | പൈപ്പ് ലൈൻ സ്ഥാപിക്കൽ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | തുക വാട്ടർ അതോറിറ്റി ചെലവഴിച്ചിട്ടുള്ളതും, വിനിയോഗസാക്ഷ്യപത്രം ഉൾപ്പെടുന്ന തുക കഴിച്ച് ബാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുള്ളതുമാണ്. |
| 2015-2016 | 2.1 | 2016-17 | 2 | തൊഴിൽ നികുതി | തുക ഒടുക്കിയിട്ടുണ്ട്. (118040103759/ 06.082018) |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 133776592.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 136846989 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 1434106 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 285000 | ശ്രീ. ടി.കെ.സന്തോഷ്, സെക്രട്ടറി |
| 1-23 | 464198 | |
| 1-24 | 100000 | |
| 1-31 | 43660 | ശ്രീമതിസിമി.എസ്.,കൃഷി ഓഫീസർ |
| 1-35 | 119918 | ഡോ.ബെറ്റി ആന്റണി |
| 1-36 | 56330 | ശ്രീ. എസ്.പി.സുരേഷ്, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 1-37 | 20000 | |
| 1-38 | 12000 | |
| 1-39 | 333000 | |
| | | |
| ആകെ | 1434106 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര്,ഉദ്യോഗപ്പേര് |
|---|---|---|
| 1-35 | 25481/- | ശ്രീ.ടി.കെ.സന്തോഷ്, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി.കെ.സന്തോഷ്, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പി.എ.യു 6 , പായിപ്ര | തേൻമാത്തിക്കുടി വീട്, മുടക്കുഴ പി.ഒ., എറണാകുളം |
| ശ്രീ. എസ്.പി.സുരേഷ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | ശ്രീകണ്ഠേശ്വരത്ത്, എളവൂർ.പി.ഒ., അങ്കമാലി. |
| ശ്രീമതി.ആദിത്യ മോഹൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ ഗ്രാമപഞ്ചായത്ത് | ഇലഞ്ഞിപ്പിള്ളിൽ, തിരുവാങ്കുളം പി.ഒ., എറണാകുളം |
| ഡോ. ബെറ്റി ആന്റണി | പി.എച്ച് .സി നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | കൊച്ചു പുരക്കുടിയിൽ കിടങ്ങൂർ അങ്കമാലി |
| ശ്രീമതി.സിമി .എസ് കൃഷി ഓഫിസർ | കൃഷി ഓഫിസർ കേരള ലാൻസ് യൂസ് ബോർഡ്- തിരുവനന്തപുരം | കേരള ലാൻസ് യൂസ് ബോർഡ്- കമ്പനി മുക്ക്,ചങ്ങ.പി.ഒ വെള്ളനാട്, തിരുവനന്തപുരം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-1997 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 634(i)/2018 തീയതി. 22.07.2019 | 4 | |
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(1)/2018 തീയതി. 23.05.2018 | 1 | |
| 2004-2005 2006-2007 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507/2018 തീയതി. 23.05.2018 | | |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(2)/2018 തീയതി. 23.05.2018 | 3 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(3)/2018 തീയതി. 23.05.2018 | 5 | |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(4)/2018 തീയതി. 23.05.2018 | 3 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(5)/2018 തീയതി. 23.05.2018 | 2 | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്- (പി-13) 507(6)/2018 തീയതി. 23.05.2018 | 7 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 | 3 | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | 3 | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 | 8 | |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 | 8 | |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം (പി-11) 2166/18 തീയതി. 01.12.2018 | 20 | |

| | | | |
|---|---|---|---|
| 2018-2019 | കെ.എസ്.എ -ഇ.കെ.എം (പി-13) 1574/19<br>തീയതി. 9.01.2020 | 8 | |
| 2019-2020 | കെ.എസ്.എ.ഇ.കെ.എം.(പി11)728/2021<br>തീയതി.29/06/2021 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്